
# ജാമക്കാരൻ

WATCHMAN



കാവൽക്കാരൻ

**(ജാമക്കാരനിൽ) സകലവും ശോധന ചെയ്ത് നല്ലത് മുറുകെ പിടിപ്പിൻ (1 തെസ: 5:21) പ്രയോജനമുള്ളതു ഒന്നും മറച്ചുവച്ചിട്ടില്ല (അ.പ്ര.20:20).**

**ആത്മീകനോ സകലത്തെയും വിവേചിക്കുന്നു; താൻ ആരാലും വിവേചിക്കപ്പെടുന്നതുമില്ല. 1 കൊരി:2:15 (ആത്മീയ മനുഷ്യൻ എല്ലാകാര്യങ്ങളും വിവേചിച്ചറിയുന്നു; അവനെ വിധിക്കാൻ ആർക്കും സാധിക്കുകയുമില്ല – കത്തോലിക്ക വേദപുസ്തകം).**

**0427 - 2387499. E-Mail : Jamakaran@yahoo.com. Fax: 0427-2386464. www.Jamakaran.com**



**കർത്താവിൽ എന്റെ എല്ലാ പ്രിയവായനക്കാർക്കും യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നേഹവന്ദനം,**

ഈ മാസിക നിങ്ങളുടെ കൈവശം കിട്ടുമ്പോൾ ഞാൻ വിദേശത്ത് ദൈവീകശുശ്രൂഷ ചെയ്തുകൊണ്ടിരിക്കും. യാത്രാ തിരക്കു കാരണം, സെപ്തംബർ മാസത്തിലെ ജാമക്കാരൻ മാസികയുടെ പേജുകൾ വളരെ കുറഞ്ഞുപോയി. നവംബർ മാസം ആദ്യത്തെ ആഴ്ച ഇന്ത്യയിലേക്ക് ഞാൻ മടങ്ങിവരും. ഉടൻതന്നെ ഉത്തർപ്രദേശിലെ ഝാൻസീ എന്ന സ്ഥലത്തിലേയ്ക്ക് പോകും. വടക്കേ ഇന്ത്യയിലെ വനപ്രദേശങ്ങളിൽ മിഷനറി പ്രവർത്തനത്തിനു വേണ്ടിയും പോകും. അവിടെ നിന്നും തിരികെ തമിഴ്നാട്ടിൽ വന്ന ഉടൻ തിരുനെൽവേലി ഡയോസിസ് യോഗങ്ങളിൽ പ്രസംഗിക്കണം. ഇങ്ങനെ എന്റെ ശുശ്രൂഷയുടെ തിരക്ക് കൂടിക്കൊണ്ടേയിരിക്കുന്നു. അതുകൊണ്ടാണ് ഒരു മാസമായി നിങ്ങളുടെ കത്തുകൾക്കും, ഇ–മെയിലുകൾക്കും മറുപടി അയയ്ക്കാൻ സാധിക്കാതെ പോയത്. എന്നാലും നിങ്ങളുടെ വിഷയങ്ങൾക്കുവേണ്ടി തുടർന്നു ഞാൻ പ്രാർത്ഥിക്കുന്നു. **നമ്മുടെ ദൈവം നല്ലവനാണ്.** വേദപുസ്കത്തിൽ ദൈവം ഇങ്ങനെ പറയുന്നു: **യുദ്ധം നിങ്ങളുടേതല്ല എന്റേതാകുന്നു.** കർത്താവ് നിങ്ങൾക്കു വേണ്ടി ചെയ്യുന്ന രക്ഷയെ നോക്കുവിൻ, ഭയപ്പെടാതെയും കലങ്ങാതെയും ഇരിപ്പിൻ. ഈ വാക്ക് ദൈവം പഴയനിയമകാലത്തിൽ യഹോശാഫാത്ത് രാജാവിനോടു പറഞ്ഞതാകുന്നു. അവന്റെ ഭരണത്തിന് എതിരായി പല രാജാക്കന്മാർ ഒത്തുചേർന്നു യുദ്ധം ചെയ്യുവാൻ വന്നപ്പോൾ അവൻ ഭയന്നു കലങ്ങി ദൈവത്തോടു അപേക്ഷിച്ചു. ദൈവമേ ഈ വലിയ ജനകൂട്ടത്തിന് മുൻപിൽ നിൽക്കുവാൻ ബലമില്ല. എന്തു ചെയ്യണമെന്ന് ഞങ്ങൾക്ക് തന്നെ അറിയില്ല. ഞങ്ങളുടെ കണ്ണുകൾ നിന്നെ നോക്കികൊണ്ടിരിക്കുന്നു എന്ന് രാജാവ് ദൈവത്തോടു പ്രാർത്ഥിച്ചു. കർത്താവ് അവന്റെ പ്രാർത്ഥന കേട്ടു. യഹോശാഫാത്തിന് പകരം കർത്താവ് തന്നെ ആ യുദ്ധം നടത്തി. ശത്രുക്കൾ തമ്മിൽ തല്ലികൊന്നു മരിച്ചുപോയി. യഹോശാഫാത്തിന്റെ ആളുകൾ

# OCTOBER 2015

ശത്രുക്കളുടെ സാധനം മുഴുവനും എടുത്തുകൊണ്ട് വന്നു. അതുപോലെ തന്നെ നമ്മുടെ ദൈവം മോശക്കും യിസ്രായേലിനും (പുറപ്പാട് 14:25) യോശുവയ്ക്കും യിസ്രായേൽ ജനങ്ങൾക്കു വേണ്ടിയും തന്നെ യുദ്ധം ചെയ്തു (യോശുവ 10:11-13). ഇതു വായിക്കുന്ന വായനക്കാരായ **നിങ്ങൾക്കു വേണ്ടിയും കർത്താവ് യുദ്ധം ചെയ്യും.** നിങ്ങളെ വേദനപ്പെടുത്തുന്നവരും, അപമാനപ്പെടുത്തുന്നവരും പ്രശ്നങ്ങൾ ഉണ്ടാക്കുന്നവരും വീട്ടിനുള്ളിലും വെളിയിലും തൊഴിൽ ചെയ്യുന്ന സ്ഥലങ്ങളിൽ ഉള്ളവരായിരുന്നാലും ശുശ്രൂഷയിൽ തടസ്സം ഉണ്ടാക്കുന്നവരായിരുന്നാലും അവർക്ക് എതിരായി കർത്താവ് തന്നെ യുദ്ധം ചെയ്യുവാൻ ഒരുങ്ങിയിരിക്കുന്നു. പക്ഷെ **ദൈവത്തിന്റെ നിബന്ധന, നിങ്ങൾ ദൈവത്തിൽ ആശ്രയിച്ച് എല്ലാ ചുമതലകളും പൂർണ്ണമായി അവന്റെ കൈയ്യിൽ ഏൽപ്പിക്കണം.** മാത്രമല്ല, പൂർണ്ണമായി കർത്താവിൽ വിശ്വസിക്കണം. പക്ഷെ നിങ്ങളുടെ എതിരാളിക്ക് എതിരായി നിങ്ങൾ പോരാടി പ്രശ്നം പരിഹരിക്കുവാൻ ശ്രമിച്ചാൽ കർത്താവ് വെറുതെ ഇരിക്കും. കർത്താവിനെ വെറുതെ ഇരിക്കുവാൻ അനുവദിക്കരുത്. നിങ്ങൾ യുദ്ധം ചെയ്താൽ അവൻ മിണ്ടാതെ ഇരിക്കും. **നിങ്ങൾ മിണ്ടാതെ ഇരുന്നാൽ അവൻ നിങ്ങൾക്ക് പകരം യുദ്ധം ചെയ്യും.** ചിലർ തങ്ങളുടെ സാമർത്ഥ്യം ഉപയോഗിച്ച് പ്രശ്നങ്ങളെ പരിഹരിക്കാൻ ആവോളം ശ്രമിക്കും. പിന്നെ തോൽവി വരുന്ന സമയത്ത് ദൈവത്തോട് നിലവിളിക്കും. എന്റെ സാമർത്ഥ്യം എന്റെ ബലം, എന്നെക്കൊണ്ട് സാധിക്കും എന്ന നിഗളം കാരണം ദൈവം നിങ്ങളുടെ പ്രശ്നത്തിൽ ഇടപെടാതിരിക്കും. ക്ഷമിക്കണം കർത്താവേ, മാനുഷിക പ്രവർത്തനങ്ങൾക്ക് ഫലമില്ല എന്നു ഞാൻ മനസ്സിലാക്കി, എന്റെ കുടുംബത്തെയും തൊഴിലിനെയും മുന്നോട്ട് കൊണ്ടുപോകുവാൻ സാധിക്കുന്നില്ല, എന്റെ സാമർത്ഥ്യം ജ്ഞാനം എല്ലാം ശൂന്യം എന്ന് ഞാൻ മനസ്സിലാക്കുന്നു. ഇനി എനിക്കു എല്ലാം നീ തന്നെ എന്ന് പറഞ്ഞു ദൈവത്തിന്റെ കരങ്ങളിൽ ഭരമേല്പിക്ക. യുദ്ധം എന്റേതാകുന്നു. നിങ്ങൾ മിണ്ടാതിരിക്കുക. അവൻ നിങ്ങൾക്കു വേണ്ടി ജയത്തെ വാങ്ങി തരും.

* നിങ്ങൾ അയച്ച എല്ലാവരുടെയും കത്തുകൾക്ക് സെപ്തംബർ മാസം 22-ാം തീയതി പ്രാർത്ഥിച്ച് മറുപടി എഴുതികഴിഞ്ഞു. ആർക്കെങ്കിലും എന്റെ മറുപടി കിട്ടിയിട്ടില്ലെങ്കിൽ ഉടനെ എന്നെ അറിയിക്കണം.

* U.S.A, IOWA, CHICAGO, CANADA, ABUDHABI (C.S.I Malayala Congrigation), (UK) LONDON, MIDEALSEX, IRLAND ഈ ദേശങ്ങളിൽ എന്റെ യോഗങ്ങൾ കഴിഞ്ഞതിനുശേഷം നവംബർ മാസം 6-ാം തീയതി ഇന്ത്യയിലേയ്ക്ക് മടങ്ങി വരും.

* നവംബർ 23 മുതൽ 29 വരെ DUBAI തമിഴ് സി.എസ്.ഐ സഭകളിൽ കൺവൻഷനിൽ പ്രസംഗിക്കും. പകൽ സമയം മലയാള വിശ്വാസികൾ എന്നെ നേരിട്ട് കാണാനും ആലോചനയും പ്രാർത്ഥനയും ആവശ്യപ്പെടുന്നവർ നേരിൽ കാണാനും താഴെ പറയുന്ന ഫോണിൽ ബന്ധപ്പെടുക.

**971552728146, 971504440679.**

നിങ്ങൾക്കു വേണ്ടി ഞാനും പ്രാർത്ഥിക്കുന്നു. നിശ്ചയമായും ജയം നിങ്ങളുടേതാകും.

കർത്താവിന്റെ ഉന്നത ശുശ്രൂഷയിൽ

**ഡോ. പുഷ്പരാജ്**

# ശിഷ്യത്വത്തിന്റെ മഹത്വമാണ് പാപത്തിന്മേലുള്ള പൂർണ്ണജയം

യോഹ 8: 31, 32 ൽ തന്നിൽ വിശ്വസിച്ച യഹൂദന്മാരോടു യേശു: **എന്റെ വചനത്തിൽ നിലനിൽക്കുന്നു എങ്കിൽ നിങ്ങൾ വാസ്തവമായി എന്റെ ശിഷ്യന്മാരായി, സത്യം അറികയും സത്യം നിങ്ങളെ സ്വതന്ത്രന്മാരാക്കുകയും ചെയ്യും** എന്നു പറഞ്ഞു. ഏതുതരം സ്വാതന്ത്യത്തെപ്പറ്റിയാണു യേശു സൂചിപ്പിച്ചതെന്നു യഹൂദന്മാർ അറിഞ്ഞില്ല. യേശു, അതിനെ മനസ്സിലാക്കുന്നതിനായി .................... **പാപം ചെയ്യുന്നവനെല്ലാം പാപത്തിന്റെ ദാസൻ ആകുന്നു** എന്നു പറഞ്ഞു. ഏതുതരം സ്വാതന്ത്ര്യത്തെപ്പറ്റിയാണു യേശു സൂചിപ്പിക്കുന്നതെന്നു യഹൂദന്മാർ അറിഞ്ഞില്ല. (34-ാം വാക്യം)

ആകയാൽ നാം ഇനിയും പാപം ചെയ്തുകൊണ്ടേ ഇരിക്കുമെങ്കിൽ നാം സ്വാതന്ത്ര്യം പ്രാപിച്ചില്ല എന്നതാണ് അർത്ഥം. ഇന്നു പല സ്ഥലങ്ങളിലും അറിയപ്പെടുകയും പ്രസംഗിക്കപ്പെടുകയും ചെയ്യുന്ന വസ്തുത യേശു ക്രൂശിൽ തറയ്ക്കപ്പെട്ടത് നമ്മുടെ പാപം ക്ഷമിക്കുന്നതിനും രോഗം സൗഖ്യമാക്കുന്നതിനും വേണ്ടിയാണെന്നാണ്. എന്നാൽ ഘോഷിക്കപ്പെടേണ്ടതായ സുവിശേഷസത്യം ഇതിനെക്കാൾ വലുതാണ്.

**1. വെറും വിശ്വാസിയായല്ല പാപത്തിന്മേൽ പൂർണ്ണജയം പ്രാപിക്കുന്ന ശിഷ്യനായ മാറുവാനായി നാം വിളിക്കപ്പെട്ടിരിക്കുന്നു.**

ഒരുവൻ യേശുവിൽ വിശ്വസിക്കുന്നു എങ്കിൽ ആ വ്യക്തിയെ നാം എങ്ങനെ വിളിക്കും? "വിശ്വാസി" എന്നു വിളിക്കും, അല്ലേ. എന്നാൽ അതുപോലെ യോഹ 8:31-ൽ **"തന്നിൽ വിശ്വസിച്ച യഹൂദന്മാരോടു യേശു...."** ആ വചനം വായിക്കുമ്പോൾ ഈ യഹൂദന്മാരെ നമുക്ക് എപ്രകാരം വിളിക്കാൻ സാധിക്കും, വിശ്വാസി (Believer) എന്നാൽ ആ യഹൂദന്മാർ ശിഷ്യന്മാർ ആയിരിക്കവേ തന്നെ ശിഷ്യന്മാരേ അല്ല. അതേ, നിങ്ങൾ വിശ്വാസികൾ ആയിരിക്കുമ്പോൾതന്നെ ശിഷ്യന്മാരല്ലാതെയുമിരിക്കാം. യേശു ഈ യഹൂദ വിശ്വാസികളെ നോക്കി പറഞ്ഞത് **എന്റെ വചനത്തിൽ നിലനിൽക്കുന്നു എങ്കിൽ നിങ്ങൾ വാസ്തവമായി എന്റെ ശിഷ്യന്മാരായിരിക്കും.** ഒരാൾ ശിഷ്യനായിതീർന്നയുടനെ എന്തു സംഭവിക്കും. നിങ്ങൾ സത്യം അറിയും. സത്യം നിങ്ങളെ സ്വതന്ത്രരാക്കുകയും ചെയ്യും (യോഹ 8:31, 35). ആകയാൽ പാപത്തിൽ നിന്നും സ്വതന്ത്രനാക്കപ്പെടുന്ന ഒരുവനേ ശിഷ്യനാകുകയുള്ളൂ. വിശ്വാസിയായിരിക്കുന്നവന്റെ പാപങ്ങൾ ക്ഷമിക്കപ്പെട്ടിരിക്കാം. എന്നാൽ, തെറ്റാണെന്നു താൻ അറിഞ്ഞിരിക്കുന്ന പാപങ്ങളെ അവൻ തുടർന്നുകൊണ്ടേയിരിക്കും. ഇതിനെപ്പറ്റി ഈ രണ്ടു വചനങ്ങളിലും പറയപ്പെട്ടിരിക്കുന്നവ നിങ്ങൾ ശ്രദ്ധിച്ചോ? നാം മാനുഷിക പ്രബോധനങ്ങളിൽ വഞ്ചിക്കപ്പെടരുത്. ഒരുവൻ പ്രസംഗിക്കുന്ന സത്യം വേദവചനത്തിൽ ഉള്ളതാണോ എന്നു പരിശോധിക്കണം. അപ്രകാരം അല്ല എങ്കിൽ നാം അതിനെ വിശ്വസിക്കേണ്ട കാര്യമില്ല.

അതുകൊണ്ടു നമുക്കു സൂക്ഷ്മമായി വേദവചനങ്ങളെ ശോധന ചെയ്യാം. യോഹ 8:30-ൽ **അവൻ ഇങ്ങനെ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ പലരും അവനിൽ വിശ്വസിച്ചു** എന്നു നാം വായിക്കുന്നു. അതേ! അത് ഒരു സുവിശേഷയോഗം പോലെ നടന്നു. ധാരാളം അവിശ്വാസികളായ യഹൂദന്മാർ അവിടെ കൂടിയിരുന്നു. ഒരാൾ പോലും വിശ്വാസി ആയിരുന്നില്ല.

എന്നാൽ യേശു പ്രസംഗിക്കുവാൻ തുടങ്ങിയപ്പോൾ അവരിൽ അനേകംപേർ വിശ്വാസികളായി മാറി. അപ്രകാരം മാനസാന്തരപ്പെട്ടു വിശ്വാസികളായി മാറിയ യഹൂദന്മാരോടു യേശു ഈ വചനങ്ങളെ സംസാരിച്ചു. യേശു പറഞ്ഞു : ശിഷ്യന്മാരാകണമെങ്കിൽ നിങ്ങൾ ഒന്നു ചെയ്യണം. നിങ്ങൾ എന്റെ വാക്കു വിശ്വസിച്ചല്ലോ. ഇനി നിങ്ങൾ എന്റെ വചനത്തിൽ നിലനിൽക്കണം. അപ്രകാരം എന്റെ വചനത്തിൽ (ഉപദേശത്തിൽ) നിലനിൽക്കുമ്പോൾ നിങ്ങൾ സത്യം അറികയും സത്യം നിങ്ങളെ സ്വതന്ത്രരാക്കുകയും ചെയ്യും. എല്ലാ വിശ്വാസികളും സത്യം അറിഞ്ഞിരുന്നില്ല. കാരണം വെറും വിശ്വാസികളായി മാത്രം ഇരിക്കുന്ന നമ്മുടെ ജീവിതത്തിലും, നമ്മുടെ ചുറ്റിലുമുള്ള വിശ്വാസികളുടെ ജീവിതത്തിലും, അവരുടെ പാപങ്ങൾ ക്ഷമിക്കപ്പെട്ടിരുന്നാലും വീണ്ടും അനേകം പാപങ്ങൾ ചെയ്തുകൊണ്ടേയിരിക്കും. ഇവർ സത്യം അറിഞ്ഞിരുന്നാൽ സത്യം ഇവരെ സ്വതന്ത്രരാക്കിയിരിക്കുമല്ലോ?

**2. പാപക്ഷമ, രോഗശാന്തി, ഭൗതികനന്മകൾ ഇവ പോലുള്ള പഴയനിയമത്തിന്റെ ഉപദേശത്തിൽ കുടുങ്ങി നിൽക്കുന്ന, ഇന്നത്തെ ക്രിസ്ത്യാനിത്വം.**

ഇന്ന് അനേകം ക്രൈസ്തവ പ്രസംഗകർ പോലും, നാം ഈ ലോകത്തിൽ ജിവിക്കുന്ന കാലയളവിൽ തികച്ചും പൂർണ്ണരാകാൻ സാധിക്കയില്ല എന്നു പറയുന്നു. അപ്പോഴപ്പോൾ നാം പാപംചെയ്യേണ്ടതാണെന്നും ജനങ്ങളെ പ്രബോധിപ്പിക്കുന്നു. ഒരു പ്രസംഗകൻ ഇങ്ങനെ പ്രസംഗിക്കുന്നതു കേട്ടാൽ നിങ്ങൾ എന്തു ചെയ്യണം. ഞാൻ എന്തുചെയ്യുമോ അതിനുതന്നെ നിങ്ങളും ചെയ്യാൻ പറയും. അതേ! യോഗം തീർന്നതും ഞാൻ അദ്ദേഹത്തിന്റെ അടുത്തുപോയി സഹോദരാ നിങ്ങൾ പ്രസംഗിച്ചതിന് ആധാരമായി വേദവചനം കാണിക്കുവാൻ സാധിക്കുമോ എന്നു ചോദിക്കും. പുതിയ നിയമത്തിൽ നിന്നു ഒരു വചനം പോലും നിശ്ചയമായി അദ്ദേഹത്തിന് കാണിക്കാൻ സാദ്ധ്യമല്ല.

പഴയ നിയമത്തിൽ സഭാപ്രസംഗിയിലും സങ്കീർത്തനങ്ങളിലും സദൃശ്യവാക്യത്തിലും സങ്കീർത്തനങ്ങളിലും **പാപം ചെയ്യാതെ നന്മ മാത്രം ചെയ്യുന്ന ഒരു നീതിമാനും ഭൂമിയിൽ ഇല്ല** (സഭാ 7:20) എന്നും **ഞാൻ എന്റെ ഹൃദയത്തെ ശുദ്ധീകരിച്ചു പാപമൊഴിഞ്ഞു നിർമ്മലനായിരിക്കുന്നുവെന്നു ആർക്കു പറയാം** (സദൃ 20:9) എന്നും വചനങ്ങളുണ്ട്. ഇവയെല്ലാം പഴയനിയമത്തിലുള്ളതാണ്.

പഴയനിയമത്തിനും പുതിയ നിയമത്തിനും തമ്മിൽ തീർച്ചയായും വ്യത്യാസങ്ങളുണ്ട്. അതുകൊണ്ടാണ് യേശു തന്നിൽ വിശ്വസിച്ച, പഴയനിമയപ്രകാരം ജീവിച്ച യഹൂദന്മാരോട് സംസാരിച്ചത്. അവരുടെ വേദപുസ്തകം ഉൽപത്തി മുതൽ മലാഖിവരെ ഉൾക്കൊണ്ട പഴയനിയമം മാത്രമാണ്. പഴയനിയമത്തിൽ അനേകം നല്ല കാര്യങ്ങൾ തീർച്ചയായും ഉണ്ട്. ഉദാഹരണമായി 103-ാം സങ്കീർത്തനത്തിൽ ആദ്യത്തെ അഞ്ചു വചനങ്ങളിൽ ദൈവം തന്റെ ജനത്തിനു ചെയ്ത നന്മകൾ എഴുതപ്പെട്ടിരിക്കുന്നു. മൂന്നാം വാക്യത്തിൽ **അവൻ നിന്റെ അകൃത്യം ഒക്കെയും മോചിക്കുന്നു...** എന്നു വായിക്കുന്നു. ഇതു പഴയനിയമത്തിലെ ദാവീദിനേ പറയുവാൻ സാധിക്കുകയുള്ളൂ. ദൈവമേ എന്റെ എല്ലാ പാപങ്ങളും മോചിച്ചതിനായി സ്തോത്രം എന്നു ദാവീദ് പറയുന്നതുപോലെ നിങ്ങൾക്കും പറയുവാൻ സാധിക്കും.

വീണ്ടും അതേ മൂന്നാം വാക്യത്തിൽ തന്നെ **നിന്റെ സകല രോഗങ്ങളെയും സൗഖ്യമാക്കുന്നു** എന്നും വായിക്കുന്നു. അതായതു നിങ്ങൾ നിങ്ങളുടെ ജീവിതത്തിൽ രോഗിയായിരുന്നിട്ട് യേശുവിനോടു പ്രാർത്ഥിച്ചു അത്ഭുതസൗഖ്യം പ്രാപിച്ചിരിക്കാം. അതുകൊണ്ടും

നിങ്ങൾക്കും ദൈവം എന്റെ രോഗങ്ങളെ എല്ലാം സൗഖ്യമാക്കിയതുകൊണ്ടു സ്തോത്രം എന്നു പറയുവാൻ സാധിക്കും. 5-ാം വാക്യത്തിൽ ........ **അവൻ നിന്റെ വായ്ക്കു നന്മകൊണ്ടു തൃപ്തി വരുത്തുന്നു** എന്നും വായിക്കുന്നു. അതായതു ഭൗതികനന്മകൾക്കായി നിങ്ങൾ പ്രാർത്ഥിച്ചു ദൈവം അതു നിങ്ങൾക്കു നൽകിയിരിക്കാം. എല്ലാം നല്ലതുതന്നെ. പഴയനിയമത്തിൽ ജീവിച്ചവർ ഏതെല്ലാം പ്രാപിച്ചോ അതെല്ലാം നിങ്ങളും പ്രാപിച്ചിരിക്കുന്നു.

ഇപ്പോൾ നടക്കുന്ന യോഗങ്ങൾ രണ്ടായിരം വർഷങ്ങൾക്കുമുമ്പേ യഹൂദന്മാരുടെ ഇടയിൽ നടന്ന യോഗങ്ങളെപ്പോലെ ഭാവന ചെയ്യുന്നതായാൽ നമ്മോടു എന്തു സുവിശേഷം പ്രസംഗിക്കപ്പെടും.

പ്രസംഗകൻ ഉൽപത്തി മുതൽ മലാഖിവരെ ഉളൾക്കൊണ്ട് പഴയനിയമം എടുത്തു അതിൽ നിന്നു അനേകം നല്ല കാര്യങ്ങൾ നമ്മോടു പ്രസംഗിച്ചിരിക്കും. അദ്ദേഹം 103-ാം സങ്കീർത്തനം എടുത്തു ദൈവം നിന്റെ അകൃത്യങ്ങളൊക്കെയും മോചിക്കുന്നു എന്നും നിന്റെ സകല രോഗങ്ങളെയും സൗഖ്യമാക്കുന്നു എന്നും എല്ലാം ഭൗതിക നന്മകളാലും തൃപ്തി വരുത്തും എന്നും പ്രസംഗിച്ചിരിക്കാം. വീണ്ടും സങ്കീ 55:22-ാം വചനം എടുത്തു **നിന്റെ ഭാരം യഹോവയുടെമേൽ വച്ചുകൊൾക; അവൻ നിന്നെ പുലർത്തും** എന്നും പ്രസംഗിച്ചിരിക്കാം. സഹോദരിമാർക്കു വളരെ ആശ്വാസപ്രദമായ ഈ വചനങ്ങളും പഴയനിയമത്തിലുള്ളവയാണ്. മാത്രവുമല്ല സങ്കീ 50:15-ൽ കഷ്ടകാലത്ത് എന്നെ വിളിച്ചപേക്ഷിക്ക; ഞാൻ നിന്നെ വിടുവിക്കയും നീ എന്നെ മഹത്വപ്പെടുത്തുകയും ചെയ്യും എന്നു സഹോദരരെ ഉത്സാഹപ്പെടുത്തുന്ന വാർത്തയും പഴയനിമത്തിലുള്ളതാണ്. ഒരുപക്ഷേ ഈ യോഗം ഒരു സ്തോത്രയോഗമായിട്ടിരിക്കുമെങ്കിൽ പ്രസംഗകൻ സങ്കീ 47:1-ാം വചനമെടുത്തു സകല ജാതികളുമായുള്ളോരെ കൈകൊട്ടുവിൻ; ജയഘോഷത്തോടെ ദൈവസന്നിധിയിൽ ആർക്കുവിൻ എന്നും പ്രസംഗിച്ചിരിക്കും. അതുകൊണ്ടു യേശുക്രിസ്തു വരുന്നതിനു രണ്ടായിരം വർഷങ്ങൾക്കു മുമ്പുതന്നെ യഹൂദന്മാരുടെ ഒരു സഭയിൽ മേൽപറഞ്ഞ വിധത്തിലുള്ള അനേക നല്ല കാര്യങ്ങൾ പ്രസംഗിക്കപ്പെട്ടതു കേട്ടിരിക്കാൻ ഇടയുണ്ട്.

അതു മാത്രവുമല്ല അബ്രഹാം തന്റെ ഏകപുത്രനായ യിസ്ഹാക്കിനെ ബലിയർപ്പിച്ചതും ദൈവത്തിനെ എപ്രകാരം അനുസരിച്ചിരുന്നു എന്നും, ഇയ്യോബിന്റെ പുസ്തകത്തിൽ ഇയ്യോബ് ഏതളവിൽ തനിക്കു ദൈവം നൽകിയതായ പീഢകൾക്കു തന്നെ സമർപ്പിച്ചു എന്നും പ്രസംഗിച്ചിരിക്കും. ഇതെല്ലാം നല്ലതുതന്നെ. ഇന്നും ഇപ്രകാരമുള്ള പ്രസംഗങ്ങൾ കേൾക്കുന്നത് ഇമ്പമാണ്.

എന്നാൽ വളരെ സങ്കടകരമായ കാര്യമെന്തെന്നാൽ യേശുക്രിസ്തു ഈ ലോകത്തിൽ വന്നു മരിച്ചുയർത്തെഴുന്നേറ്റ് പരിശുദ്ധാത്മാവിനെ അയച്ചതിനുശേഷവും ഇന്നത്തെ വിശ്വാസികൾ രണ്ടായിരം വർഷങ്ങൾക്കു മുമ്പുള്ള യഹൂദന്മാർ ഏതു കേട്ടുവോ അതു തന്നെ കേട്ടുകൊണ്ടിരിക്കുന്നു.

യേശുക്രിസ്തു വന്നു പരിശുദ്ധാത്മാവിനെ അയച്ചശേഷവും നാം കേട്ടനുഭവിക്കുന്ന ജീവിതം ഇത്രമാത്രമാണോ? നാം കാണുന്നതായ ഇന്നത്തെ ക്രിസ്ത്യാനിത്വം പഴയനിയമത്തിലെ അനുഭവത്തിൽ ഒതുങ്ങി നിൽക്കുന്നതാണോ? ഇതു വളരെ പരിതാപകരമാണ്.

**3. യേശു ക്രമീകരിച്ചുതന്ന മേന്മയേറിയ ജീവിതത്തിന്റെ (Higher standard of life) സത്യം അറിയുന്ന അറിവു ശൂന്യമായിപ്പോയി.**

ഒരു മനുഷ്യൻ വീടു പണിയുന്നതായി സങ്കൽപിക്കുക. ആരംഭത്തിൽ അവനു മതിയായ സാമ്പത്തികശേഷിയില്ലാത്തതുകൊണ്ടു ചില മുറികൾ മാത്രമുള്ള തഴത്തെ നില (Ground floor) മാത്രം പണിയുന്നു. എന്നാൽ തന്റെ കുടുംബത്തിനു ആ ചെറിയ ഭവനത്തിൽ വസിക്കുന്നതിനു വളരെ ഞെരുക്കമായി തീരുന്നു. പിന്നീടു അവനു പണം കിട്ടിയശേഷം മുകളിലത്തെ നില (first floor) പണിയുന്നു. ഇപ്പോഴോ ധാരാളമായി സ്ഥലം ലഭിക്കുന്നു. അങ്ങനെയിരിക്കെ ആ വീട്ടുടമസ്ഥൻ മുകളിലത്തെ നിലയും ചേർത്തു ഉപയോഗിക്കാതെ താഴത്തെനില മാത്രം ഉപയോഗിച്ചു ഞെരുങ്ങിക്കഴിഞ്ഞാൽ അവനെ മൂഢനായി കരുതപ്പെടും.

ഇതുപോലെതന്നെയാണ് ഇന്നത്തെ അനേക വിശ്വാസികൾ. പഴയ നിയമത്തെ ഈ ഭവനത്തിന്റെ താഴത്തെ നിലയോടു താരതമ്യപ്പെടുത്താം. പിന്നീടു യേശുവന്നു ഇതിന്റെ മുകളിൽ ഒരു കെട്ടിടം പണിതു. എന്നാൽ ധാരാളം വിശ്വാസികൾ, യെഹൂദന്മാരെപോലെ താഴത്തെ നിലയെ മാത്രമല്ലാതെ കൂടുതലായി മുകളിലുള്ള നിലയെപ്പറ്റി ഒന്നും അറിയുന്നില്ല. യഹൂദന്മാർ താഴത്തെ നിലയിൽ ഏതനുഭവിച്ചിരുന്നുവോ അതിനെ മാത്രം അനുഭവിക്കുന്നു. പാപമോചനം, രോഗശാന്തി, പ്രാർത്ഥനയ്ക്കു മറുപടി (നീതിമാന്മാരുടെ പ്രാർത്ഥന ദൈവം കേട്ടു മറുപടി നൽകുന്നു എന്ന് സങ്കീർത്തനത്തിലും സദൃശ്യവാക്യത്തിലും അനേകം വചനങ്ങളുണ്ട്) തുടങ്ങിയ പല ആശ്വാസവചനങ്ങളും ഉണ്ട്. എന്നാൽ ഇവ ഒന്നും പുതിയ നിയമത്തിനു പ്രധാനമായ വിഷയം അല്ലേ അല്ല.

നിങ്ങളോടു ചോദിക്കുന്ന ചോദ്യം ഇതാണ്. നിങ്ങളുടെ ജീവിതത്തിൽ പഴയനിമയത്തിലെ അനുഭവത്തെക്കാൾ മേലായത് ഏതെങ്കിലും പ്രാപിച്ചിട്ടുണ്ടെന്നു നിങ്ങൾക്കു പറയുവാൻ കഴിയുമോ? അഥവാ മുകളിലത്തെ നിലയിൽ നിങ്ങൾ ഉപയോഗിക്കുന്നതായ ഏതെങ്കിലും മുറികൾ ഉണ്ടോ? അല്ലെങ്കിൽ പഴയനിയമത്തിലെ വിശ്വാസികളെ പോലെ താഴത്തെ നിലയിൽ മാത്രം വസിക്കുന്നുവോ?

പഴയ നിയമത്തിലുള്ളവർക്കു യേശുവിന്റെ ശിഷ്യന്മാരായി മാറുവാൻ സാദ്ധ്യമല്ല. നിങ്ങൾ ദൈവത്തെ ഭയപ്പെട്ടു അവനിൽ വിശ്വസിച്ചിരിക്കാം. ഇപ്രകാരം വിശ്വാസികളായിരുന്ന യഹൂദന്മാരെയാണ് യേശു യോഹ 8: 31, 32 വചനങ്ങൾ അനുസരിച്ചു സംസാരിച്ചു അവരെ ഒരു പടികൂടി ശ്രേഷ്ഠമായ ജീവിതത്തിലേക്കു നടത്തുവാൻ ആഗ്രഹിച്ചത്. മോശ യഹൂദന്മാർക്കു നൽകിയ ജീവിതത്തെക്കാൾ മേലായ ജീവിതം യേശുക്രിസ്തു നൽകി. അതു നിങ്ങൾ പാപത്തിൽനിന്നും **പൂർണ്ണ സ്വാതന്ത്ര്യം** പ്രാപിച്ചിരിക്കുന്നതാണ്.

എഫെ 4:31 –ൽ എല്ലാ കൈപ്പും, കോപവും, ക്രോധവും, കുറ്റാരവും, ദൂഷണവും സകല ദുർഗുണവുമായി നിങ്ങളെ വിട്ട് ഒഴിഞ്ഞു പോകട്ടെ എന്നു നാം വായിക്കുന്നു. ഈ വചനപ്രകാരമായി എല്ലാവിധ ഈർഷ്യയും നിന്റെഹൃദയത്തിൽനിന്നു നീങ്ങി എങ്കിൽ പിന്നെ എത്ര കൈപ്പു നിന്റെ ഹൃദയത്തിൽ ശേഷിക്കും. ഒന്നും അവശേഷിക്കയില്ല. ഇപ്പോൾ നിങ്ങൾക്ക്, എന്റെ ഹൃദയത്തിൽ ഒട്ടുംതന്നെ കൈപ്പില്ലാ എന്നു സാക്ഷി പറയുവാൻ സാധിക്കുമോ? ദൈവം എന്റെ ജീവിതത്തിൽ അനുവദിച്ചതായ എല്ലാ കാര്യങ്ങളിലും ദൈവത്തോട് ഒരു കൈപ്പും ഇല്ല എന്നു പറയുവാനും സാധിക്കുമോ? എല്ലാ വിശ്വാസികൾക്കും ഇപ്രകാരം പറയുവാൻ സാദ്ധ്യമല്ല.

ഞാൻ സന്ദർശിച്ചതായ അനേക വിശ്വാസികൾക്കും അവരുടെ ജീവിതത്തിൽ കൈപ്പുണ്ട്. ചിലർക്കു ചിലരോടു ക്ഷമിക്കുവാനുള്ള മനസ്സില്ല. അല്ലെങ്കിൽ ദൈവം തന്റെ പ്രാർത്ഥന കേൾക്കുന്നില്ല എന്നോ തന്റെ കുടുംബത്തിൽ രോഗം അനുവദിച്ചു എന്നോ ദൈവത്തോടു കൈപ്പു

വച്ചിരിക്കുന്നു. അവർക്കു തങ്ങളുടെ ഹൃദയത്തിലുള്ള എല്ലാ കൈപ്പും നീങ്ങിയിട്ടേ ഇല്ല. അതേ! അവരുടെ പാപങ്ങൾ മോചിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ കൈപ്പോ, അതു മുഴുവനായി മാറിയിട്ടില്ല.

ഇവർ ആരാണ്? ഇപ്പോഴും പഴയനിമയത്തിലെ യഹൂദന്മാരെപ്പോലെ താഴത്തെ നിലയിൽതന്നെ വസിക്കുന്നവർ. ഇതുപോലെ എല്ലാ കോപവും ക്രോധവും നിങ്ങളെ വിട്ടു ഒഴിഞ്ഞുപോകണം. എഫെ 4:31 പോലെ ഒരു വചനം നമുക്കു പഴയനിയമത്തിൽ കാണാൻ സാധിക്കുകയില്ല. ഇതു മുകളിലത്തെ നിലയ്ക്ക് അവകാശമായതാണ്; താഴത്തെ നിലയ്ക്കല്ല. പുതിയനിയമത്തിൽ മാത്രമാണ് ഇപ്രകാരം ശ്രേഷ്ഠമായ കാര്യങ്ങൾ അടങ്ങിയിട്ടുള്ളത്.

കൈപ്പ് നമ്മുടെ ജീവിതത്തിൽ ഇരിക്കുന്നതു നല്ലതെന്ന് ആരെങ്കിലും വിശ്വസിക്കുന്നുണ്ടോ? ഇല്ല. പിന്നെ എന്തുകൊണ്ട് അതിനെ നിങ്ങളുടെ ജീവിതത്തിൽ ഇനിയും വച്ചിരിക്കുന്നു? നിങ്ങളുടെ ഭവനത്തിൽ കോപം ഉള്ളതു കണ്ടാൽ ആർക്കെങ്കിലും സന്തോഷിക്കുവാൻ സാധിക്കുമോ? ഇല്ല തന്നെ. ഭർത്താവും ഭാര്യയും കലഹിച്ചിരുന്നാൽ ഒരു ഭവനത്തിലും ആനന്ദമായിരിക്കാൻ സാദ്ധ്യമല്ല. അതുകൊണ്ടാണ് എല്ലാ കോപവും നിങ്ങളെവിട്ട് ഒഴിഞ്ഞുപോകട്ടെ എന്നു വേദപുസ്തകം പറയുന്നത്.

നിങ്ങളുടെ ഭവനത്തിൽ എങ്ങനെയോ ധാരാളം പാമ്പുകൾ കയറിയാൽ എത്ര പാമ്പുകളെ ഓടിക്കുവാൻ നിങ്ങൾ ആഗ്രഹിക്കും. എല്ലാറ്റിനേയുമോ, ചിലതിനെ മാത്രമോ? അതോ ഭൂരിഭാഗത്തെയുമോ? എല്ലാറ്റിനേയുമാണ്. ഒരു പാമ്പിനെപ്പോലും വീട്ടിൽ അവശേഷിപ്പിക്കുന്നതു നല്ലതല്ലല്ലോ. കോപവും അങ്ങനെതന്നെ. കൈപ്പും അങ്ങനെ തന്നെ.

ഇതുപോലെ എല്ലാ ദൂഷണവും (കുറ്റംപറച്ചിൽ) നിങ്ങളുടെ ജീവിതത്തിൽ നിന്നു മാറിപ്പോകണം. കുറ്റം പറയുക എന്നാൽ എന്താണ്? നിങ്ങൾ നിങ്ങളുടെ ഭവനത്തിൽ ഇരിക്കുമ്പോൾ ഏതെങ്കിലും ഒരു സഹോദരെയോ സഹോദരിയെയോ കുറിച്ചു മോശമായി പറയുന്നത്, നിങ്ങൾ കള്ളമല്ല പറയുന്നത്. നിങ്ങൾ അവരെക്കുറിച്ചു സത്യം പറഞ്ഞാലും നിങ്ങളുടെ ഉദ്ദേശം ആ സഹോദരനെ ഇടിച്ചുകാണിച്ചു പാപി എന്നു കുറ്റപ്പെടുത്താൻ ആഗ്രഹിക്കുന്നു. ഇപ്രകാരമുള്ള എല്ലാ കുറ്റംപറച്ചിലും നിങ്ങളുടെ ജീവിതത്തിൽനിന്നു മാറിയാൽ എത്ര കുറ്റംപറച്ചിൽ ബാക്കി ശേഷിക്കും? അങ്ങനെ അല്ല എങ്കിൽ നിങ്ങൾ യേശുക്രിസ്തു വരുന്നതിനുമുമ്പേ യഹൂദന്മാർ ജീവിച്ച അതേ ജീവിതമാണു ജീവിക്കുന്നത് എന്നതു സമ്മതിച്ചേ മതിയാവു. നിങ്ങളുടെ പാപങ്ങളെല്ലാം ക്ഷമിക്കപ്പെട്ടിട്ടുണ്ടാകാം. എന്നാൽ ചില പാപങ്ങൾ വീണ്ടും വീണ്ടും ചെയ്തുകൊണ്ടുതന്നെ ഇരിക്കും.

ഇപ്പോൾ ഒരുകാര്യം നന്നായറിയുവാൻ സാധിക്കുന്നു. പുതിയനിയമത്തിൽ പഴയനിയമത്തിലെ ജനങ്ങൾ പ്രാപിച്ചതിനെക്കാൾ ശ്രേഷ്ഠമായവ തീർച്ചയായും ഉണ്ട്. പക്ഷെ നാം അതിനെ അറിയുവാൻ സാത്താൻ ആഗ്രഹിക്കുന്നില്ല. അവൻ നമ്മുടെ ജീവിതം മുഴുവൻ താഴത്തെ നിലയിൽതന്നെ തൃപ്തരായിരിക്കാൻ ആഗ്രഹിക്കുന്നു. നിങ്ങൾ എഴുന്നേറ്റ് മുകളിലത്തെ നിലയിലേക്കു ചെന്ന് അനുഭവിക്കുവാൻ അവൻ ആഗ്രഹിക്കുന്നില്ല. ഇതാണ് അനേകവിശ്വാസികളുടെയും പരിതാപകരമായ അവസ്ഥ. ഇപ്പോൾ നമുക്കു വളരെ പ്രധാനമായ ആവശ്യം എന്താണ്? അതാണ് യേശു യോഹ 8:32-ൽ പറയുന്നത്. അതേ നാം സത്യം അറിയണം. യേശു നമുക്കായി പണിത് നമ്മെ ഏൽപിച്ച മുകളിലത്തെ നില നമ്മുടെ ഉപയോഗിത്തിനുവേണ്ടിയാണെന്ന ശ്രേഷ്ഠമായ സത്യം നാം ഓരോരുത്തരും അറിയണം.

**4. പാപത്തിന്മേൽ ഒട്ടുംതന്നെ ജയം ഇല്ലാത്ത അത്ഭുത അടയാളങ്ങളിൽ മനസ്സുവച്ചു വഞ്ചനയിൽ വീണിരിക്കുന്നതായ ക്രിസ്ത്യാനികളുടെ പരിതാപകരമായ അവസ്ഥ.**

പഴയനിമയത്തെക്കാൾ ശ്രേഷ്ഠകരമായ ജീവിതം പുതിയനിയമത്തിൽ യേശു കൊണ്ടുവന്നതിനു തെളിവായി മത്തായി 11 :11, 12 വചനങ്ങളിൽ യേശു പറഞ്ഞു. സ്ത്രീകളിൽ നിന്നു ജനിച്ചവരിൽ യോഹന്നാൻ സ്നാപകനെക്കാൾ വലിയവൻ ആരും എഴുന്നേറ്റിട്ടില്ല; സ്വർഗ്ഗരാജ്യത്തിൽ ഏറ്റവും ചെറിയവനോ അവനിലും വലിയവൻ.......... അതേ! യോഹന്നാൻ സ്നാപകൻ യേശുവിന്റെ അമ്മയെക്കാൾ വലിയവനാണ് എന്നതു റോമൻ കത്തോലിക്കരെ മനസ്സിലാക്കുന്നതിനു ശരിയായ വചനമാണ്.

അബ്രഹാം, മോശ, ഏലിയാവ് തുടങ്ങിയ എല്ലാ പഴയനിയമ വിശുദ്ധന്മാരെക്കാളും യോഹന്നാൻ സ്നാപകൻ വലിയവനാണ്. യേശു പറഞ്ഞു : യോഹന്നാൻ സ്നാപകൻ പഴയനിയമ വിശുദ്ധന്മാരെക്കാൾ വലിയവനായിരുന്നാലും പുതിയ നിയമത്തിൽ പ്രവേശിക്കുന്ന, അതായതു സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുന്ന ചെറിയവൻ അവനിലും വലിയവനാണ്. ഇതിന്റെ അർത്ഥമെന്താണ്? **പഴയനിയമത്തിലുള്ള എല്ലാവരെക്കാളും ശ്രേഷ്ഠജീവിതം പ്രാപിക്കുവാൻ സാധിക്കും എന്നതാണ്.** അപ്രകാരമുള്ള ജീവിതം തനിയെ ഉണ്ടാകയില്ല. ഇന്ന് അനേകം വിശ്വാസികളുടെ ജീവിതം യോഹന്നാൻ സ്നാപകന്റെ ജീവിതത്തെക്കാൾ വളരെ തരംതാണതാണ്. വിശ്വാസി എന്നു പറയപ്പെട്ട ആൾ വ്യഭിചാരം ചെയ്തതായി കേൾക്കുന്നില്ലേ. എന്ത്? ഉപദേഷ്ടാക്കൾ തന്നെ വ്യഭിചാരം ചെയ്തതായും കള്ളം പറഞ്ഞതായും നാം കേൾക്കുന്നു.

അമേരിക്കയിൽനിന്നോ മറ്റു സ്ഥലങ്ങളിൽനിന്നോ പണം ലഭിക്കുന്നതായി തെറ്റായ റിപ്പോർട്ടു (False report) നൽകുന്നതും, പണം സമ്പാദിക്കാനുള്ള ഉദ്ദേശത്തോടെ അനാഥാലയം, ബൈബിൾസ്കൂൾ തുടങ്ങിയവ ആരംഭിക്കുന്നതായും പറയപ്പെടുന്നു. ഇതെല്ലാം യോഹന്നാൻ സ്നാപകൻ ചെയ്യും എന്ന് ഊഹിക്കുവാൻ സാധിക്കുമോ? പിന്നെ എന്തുകൊണ്ട് ഈ വിശ്വാസികളും പ്രസംഗകന്മാരും ചെയ്യുന്നു. എന്തുകൊണ്ടെന്നാൽ അവർ സത്യം അറിയുന്നില്ല. അതുകൊണ്ട് അവരുടെ ജീവിതം പഴയനിമയത്തിലെ വിശ്വാസികളുടെ ജീവിതത്തെക്കാൾ വളരെ മോശമായ വിധത്തിലുള്ളതാണ്. ഇതു ദൈവത്തിന്റെ ഇഷ്ടം അല്ലേ അല്ല.

**ജീവങ്കലേക്കു പോകുന്ന വാതിൽ ഇടുക്കവും വഴി ഞെരുക്കവുമുള്ളത്; അതു കണ്ടെത്തുന്നവർ ചുരുക്കമത്രേ** (മത്താ 7:14) എന്നു യേശു പറഞ്ഞു നമ്മുടെ ചുറ്റിലുമുള്ള വിശ്വാസികളെ നോക്കുമ്പോൾ അതു സത്യമെന്ന് അറിയുവാൻ കഴിയും. അതേ! യഥാർത്ഥ ദൈവഭക്തിയുടെ ജീവിതത്തിലേക്കു പ്രവേശിച്ചവർ ചുരുക്കം ചിലർ തന്നെ.

ചില വർഷങ്ങൾക്കുമുമ്പ് ഇന്ത്യയിൽ കർണ്ണാടകത്തിലെ ഒരു സ്ഥലത്തിൽ രോഗശാന്തി യോഗം നടന്നു. അവിടെ രോഗശാന്തി വരമുണ്ടെന്നു പറയപ്പെടുന്ന ഒരു അമേരിക്കൻ പ്രസംഗകൻ വന്നിരുന്നു. പ്രസംഗമദ്ധ്യേ അദ്ദേഹം പറഞ്ഞു താൻ വരുന്നതിനു മുമ്പേ ഏകദേശം രണ്ടുലക്ഷം രൂപാ യോഗക്രമീകരണങ്ങൾക്കായി അയച്ചിരുന്നു എന്ന്. ആ പണം പെന്തകോസ്തു പാസ്റ്റർമാർ തങ്ങളുടെ കീശയിലേക്കു മാറ്റി കൊള്ളലാഭം എടുത്തു. പിന്നീട് ഒരു ദിവസം പാസ്റ്റർമാർക്കു മാത്രമായി രാവിലെ നടന്ന യോഗത്തിൽ ഈ രോഗശാന്തി വരമുള്ളതായ വ്യക്തി സംസാരിച്ചു. പ്രസംഗമദ്ധ്യേ കന്നട ഭാഷയിൽ പരിഭാഷപ്പെടുത്തിയ ആളിന് ഈ അമേരിക്കൻ പ്രസംഗകൻ പറഞ്ഞതായ വാക്കുകൾ ശരിയായി മനസ്സിലാക്കുവാൻ സാധിക്കാത്തതുകൊണ്ടു പരിഭാഷപ്പെടുത്തുവാൻ താമസിച്ചു. അമേരിക്കക്കാരനു ദേഷ്യം വന്നിട്ടു പരിഭാഷപ്പെടുത്തിയ

പാസ്റ്ററുടെ തൊണ്ടയ്ക്കു പിടിച്ചുതള്ളി പെട്ടെന്നു പരിഭാഷപ്പെടുത്താൻ ആവശ്യപ്പെട്ടു. പാവം കന്നട പരിഭാഷകൻ തുടർന്നും സാവധാനമായി പരിഭാഷപ്പെടുത്തി. ചില നിമിഷങ്ങൾക്കകം ഈ രോഗശാന്തിവരമുള്ള ആൾ, തന്റെ വേദപുസ്തകം സ്യൂട്ട്കേസിൽ വച്ചിട്ട് താൻ ഹോട്ടലിലേക്കു പോകുന്നതായി പറഞ്ഞ് സ്ഥലം വിട്ടു. നോക്കുക! ഈ പ്രസംഗകൻ എല്ലാ കോപവും തന്റെ ജീവിതത്തിൽനിന്ന് ഒഴിച്ചുകളഞ്ഞുവോ? ഇല്ല. ഒരു ഹൈന്ദവനെക്കാൾ കേവലമായ രീതിയിൽ നടന്ന ഇദ്ദേഹത്തെപ്പോലെ പഴയനിയമത്തിലെ മോശ ചെയ്യുമെന്നു ഭാവന ചെയ്യുവാൻ സാധിക്കുമോ? ഇദ്ദേഹം രണ്ടുലക്ഷം രൂപ മുടക്കി തന്റെ മോശമായ ജീവിതം മറ്റുള്ളവരെ കാണിക്കുവാനാണോ ഇന്ത്യയിലേക്കു വന്നത്. ഇനിയും ഇതിനെക്കാൾ മറ്റൊരതിശയം എന്താണെന്നു വച്ചാൽ ആയിരക്കണക്കിനു വിശ്വാസികൾ ഈ രോഗശാന്തി വരമുള്ള ശുശ്രൂഷകനെ നല്ല ദൈവമനുഷ്യൻ എന്നു വിചാരിച്ചതാണ്. വീണ്ടും പണം നേടുന്നതിനായി അനേകം പെന്തകോസ്തു പാസ്റ്റർമാർ ഈ പ്രസംഗകനെ പിൻതുടരാൻ തീരുമാനിക്കുന്നു.

പ്രിയമുള്ളവരെ! ഇത് അവസാനദിവസങ്ങളാണ്. അന്ത്യനാളുകളിൽ വളരെ വഞ്ചനകൾ (Deceptions) ഉണ്ടാകും എന്നു യേശു പറഞ്ഞു. നിന്റെ നാമത്തിൽ ഞങ്ങൾ അത്ഭുതങ്ങൾ ചെയ്ത് എന്നു യേശുവോടു പറയും. അത്ഭുതങ്ങൾ ചെയ്തു നമ്മെയും വഞ്ചിക്കും. **ആരും നിങ്ങളെ തെറ്റിക്കാതിരിപ്പാൻ സൂക്ഷിച്ചുകൊൾവിൻ** എന്നു യേശു മുന്നറിയിപ്പു നൽകിയിട്ടുണ്ട് (മത്താ 24:4). ഈ അദ്ധ്യായത്തിൽ നിങ്ങൾ വഞ്ചിക്കപ്പെടരുതെന്നു യേശു അനേകം തവണ മുന്നറിയിപ്പു നൽകുന്നു. വീണ്ടും ശിഷ്യന്മാർ യേശുവിനോടു നിന്റെ വരവിനു അടയാളം എന്തെന്നു ചോദിക്കുന്നു. ഇതുപോലെ നമ്മോടും യേശുവിന്റെ വരവിനെപ്പറ്റിയുള്ള അടയാളം പറയുവാൻ ആരെങ്കിലും ചോദിക്കുന്നതായാൽ യേശു താൻ ആദ്യമായി എന്തു മറുപടി പറഞ്ഞുവോ അതു നാമും പറയണം. യേശു അനേകകാര്യങ്ങൾ പറഞ്ഞു. എന്നാൽ അവയ്ക്കു മേലായി പ്രധാനമായി ആദ്യം ഒരു കാര്യം തുറന്നു പറഞ്ഞു. അതെന്താണ്? മത്തായി 24:4 ൽ ആരും നിങ്ങളെ തെറ്റിക്കാതിരിപ്പാൻ സൂക്ഷിച്ചുകൊൾവിൻ എന്നു പറയുന്നു. അതേ! അനേകം വഞ്ചനകൾ അവന്റെ വരവിന്റെ പ്രധാന അടയാളമാണ്. 5-ാം വചനത്തിൽ ഞാൻ ക്രിസ്തു എന്നു പറഞ്ഞു അനേകർ എന്റെ പേരെടുത്തുവന്നു പലരെയും തെറ്റിക്കും എന്നു പറയുന്നു. തമിഴ്നാട്ടിലെ പാലാശീർ ലാറി എന്ന വ്യക്തി ഇപ്രകാരം പറഞ്ഞു: അനേകരെ തെറ്റിച്ചതു നാം കണ്ടില്ലേ. യേശു പറഞ്ഞു : **സൂക്ഷിച്ചുകൊൾവിൻ.**

വീണ്ടും 11-ാം വാക്യത്തിൽ യേശു പറഞ്ഞു : **കള്ളപ്രവാചകന്മാർ പലരും വന്ന് അനേകരെ തെറ്റിക്കും**. നേരത്തെ പറഞ്ഞ അമേരിക്കക്കാരനെപ്പോലെ അവൻ ദൈവമനുഷ്യനേ അല്ല - വഞ്ചിക്കുന്നവനാണ്. 24-ാം വചനത്തിൽ കള്ള പ്രവാചകന്മാരെപ്പറ്റി യേശു വീണ്ടും പറയുന്നു : അവർ എന്തു ചെയ്യും? **കള്ള ക്രിസ്തുക്കളും കള്ള പ്രവാചകന്മാരും എഴുന്നേറ്റു കഴിയുമെങ്കിൽ വൃതന്മാരെയും തെറ്റിപ്പാനായി വലിയ അടയാളങ്ങളും അത്ഭുതങ്ങളും കാണിക്കും.** അതേ! **ഇന്നും ഒരുവൻ അത്ഭുതങ്ങൾ ചെയ്യുന്നതു കണ്ടാൽ അനേകവിശ്വാസികൾ അതു കണ്ണടച്ചു വിശ്വസിച്ച് അവനെ ദൈവമനുഷ്യൻ എന്നു വിശ്വസിക്കുന്നു.** ഇത്തരത്തിലെ വിശ്വാസികൾ ഈ വചനങ്ങളെല്ലാം ഒരിക്കൽപോലും വായിച്ചിരിക്കയില്ലേ. ആയിരക്കണക്കിനു കൂടിവന്ന് അത്ഭുതങ്ങൾ ചെയ്യുന്ന വ്യക്തികളുടെ കൂട്ടത്തിൽ ഇരുന്നു പൂർണ്ണമായി വഞ്ചിക്കപ്പെടുന്നു. ഇതെല്ലാം എന്താണ്? ഇവയെല്ലാം വഞ്ചനകൾ, ക്രിസ്തുവിന്റെ വരവു സമീപമെന്നു ഘോഷിക്കുന്ന അടയാളമാണ്. യേശു പറഞ്ഞു: **ഓർത്തുകൊൾവിൻ ഞാൻ മുമ്പുകൂട്ടി നിങ്ങളോടു**

**പറഞ്ഞിരിക്കുന്നു.** (25-ാം വാക്യം). ആകയാൽ ഞാൻ ഒന്നും പറഞ്ഞിട്ടില്ലെന്നു നിങ്ങൾ പറയാതിരിക്കുവാനായി മുൻകൂട്ടി ഞാൻ ഇവ നിങ്ങളോടു പറഞ്ഞിരിക്കുന്നു. വീണ്ടും നിങ്ങൾ തെറ്റിക്കപ്പെട്ടാൽ അതിനു നിങ്ങൾ തന്നെ ഉത്തരവാദികൾ.

ഈ കള്ള പ്രവാചകന്മാർ വിശ്വാസദൈവീക ജീവിതത്തിൽ ഒട്ടുംതന്നെ കരുതലില്ലാത്തവരാണ്. അവർ വളരെ അത്ഭുതങ്ങൾ ചെയ്യുന്നതിൽ പ്രാധാന്യം കൊടുത്തു തങ്ങൾക്കുതന്നെ പ്രശംസ നേടിയിട്ട് നിങ്ങളുടെ പണവും കൊണ്ടുപോകും. നിങ്ങളെ പാപത്തിന്മേലുള്ള ജയജീവിതത്തിലേക്കു നടത്തുവാൻ ഒട്ടുംതന്നെ താൽപര്യമില്ലാത്തവർ. അത്ഭുതങ്ങളും അടയാളങ്ങളും നടത്തുവാനായി മാത്രമാണോ യേശു വന്നത്. അല്ലേ അല്ല. അവൻ നമ്മെ പാപത്തിൽ നിന്നും പൂർണ്ണമായും സ്വതന്ത്രരാക്കുവാൻ വേണ്ടി വന്നു. അങ്ങനെയിരിക്കെ ഇന്നത്തെ അനേക വിശ്വാസികൾ അത്ഭുതങ്ങളിലും അടയാളങ്ങളിലും മനസ്സുവെച്ചു തെറ്റിലേക്കു വീണിരിക്കുന്നത് എത്ര പരിതാപകരമാണ്.

**5. പുതിയനിയമത്തിലെ വ്യത്യസ്തമായ അനുഭവം പാപത്തെ ജയിച്ചുള്ള ജയജീവിതം**

പുതിയനിയമത്തിൽ പറയപ്പെട്ട ഒന്നാമത്തെ വാഗ്ദത്തം എന്താണെന്നറിയാമോ? അതിനെ നാം ഓരോരുത്തരും അറിഞ്ഞിരിക്കണം. പഴയനിയമത്തിലെ ജനങ്ങൾ പ്രാപിച്ച എല്ലാ നന്മകളെക്കാളും മേലായ ഒന്ന് യേശു പുതിയനിയമത്തിൽ കൊണ്ടുവന്നു എന്ന് നാം മുകളിൽ കണ്ടു. പഴയനിയമത്തിൽ കാണാത്ത ശ്രേഷ്ഠമായ വാഗ്ദത്തം പുതിയനിയമത്തിൽ നാം കാണുന്നു. അതിലെ ഒന്നാമത്തെ വാഗ്ദത്തം പുതിയ ജീവിതത്തിലേക്കു പ്രവേശിക്കുന്ന വഴിപോലെ ഉള്ളതാണ്..... **അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽ നിന്നും രക്ഷിപ്പാനിരിക്കകൊണ്ടു നീ അവനു യേശു എന്നു പേരിടേണം (മത്താ 1:21).** ഇതാണ് പുതിയനിയമത്തിന്റെ ഒന്നാമത്തെ വാഗ്ദത്തം. അതേ! യേശു ജനങ്ങളുടെ പാപങ്ങളെ നീക്കി അവരെ രക്ഷിക്കും.

പാപം മോചിക്കുന്നതിനും പാപങ്ങളിൽ നിന്നു രക്ഷിക്കുന്നതിനും വലിയ വ്യത്യാസം ഉണ്ട്. ഉദാഹരണമായി റോഡിൽ ഒരു കുഴിയുള്ളതുകൊണ്ട് അവിടെ കളിക്കരുതെന്ന് എന്റെ കുട്ടികളോടു ഞാൻ കൽപിക്കുന്നതായി സങ്കൽപിക്കുക. എന്റെ മക്കളിലൊരാൾ അതനുസരിക്കാതെ അവിടെ പോയി ആ കുഴിയിൽ വീഴുന്നു. ഉടനെ ആ കുട്ടി ഉച്ചത്തിൽ നിലവിളിച്ചു. അപ്പാ! സഹായിക്കണേ എന്നു നിലവിളിക്കുന്നു. ഉടനെ ഞാൻ അവിടെ ചെല്ലുമ്പോൾ ഒന്നാമതായി ആ കുട്ടി പറയുന്നത് അപ്പാ ക്ഷമിക്കണം നിങ്ങളെ അനുസരിക്കാതെപോയി. അതിനു മറുപടിയായി ഞാൻ, മകനെ ശരി തന്നെ ഞാൻ നിന്നോടു ഞാൻ ക്ഷമിച്ചിരിക്കുന്നു എന്നു പറയുന്നു. അവനു ക്ഷമ നൽകി. എന്നാൽ കുഴിയിൽനിന്ന് അവനെ രക്ഷിച്ചില്ല. ഇതാണ് ക്ഷമയ്ക്കും രക്ഷിക്കുന്നതിനും തമ്മിലുള്ള വ്യത്യാസം. നമ്മുടെ പാപം ക്ഷമിക്കുന്നതിനായി മാത്രം യേശു വന്നില്ല. നമ്മുടെ പാപത്തിൽ നിന്നു രക്ഷിക്കുന്നതിലേക്കായി യേശു വന്നു. എന്റെ മകൻ അനുസരിക്കാത്തതിനാൽ ആദ്യമായി ക്ഷമിക്കുന്ന ഞാൻ അടുത്തതായി അവനെ ആ കുഴിയിൽനിന്നു കയറ്റി വെളിയിൽ കൊണ്ടുവരുന്നു. ഇതാണ് മത്താ 1:21 ന്റെ അർത്ഥം. ഞാൻ ദൈവത്തിനു ഹല്ലേലൂയാ പറയുന്നത് ഇതിനാണ്.

ഇതിനെയാണ് നാം റോമർ 6:14ൽ വായിക്കുന്നത്. **നിങ്ങൾ ന്യായപ്രമാണത്തിനല്ല, കൃപയ്ക്കത്രെ അധീനരാകയാൽ പാപം നിങ്ങളിൽ കർത്തൃത്വം നടത്തുകയില്ലല്ലോ.** വളരെ അത്ഭുതകരമായ വാക്യം. നിങ്ങൾ പഴയനിയമത്തിൽ ന്യായപ്രമാണത്തിൽ കീഴിലിരിക്കുമ്പോൾ ദാവീദിനെപ്പോലെ നിങ്ങളും 'എൻ മനമെ, നിന്റെ അതിക്രമങ്ങളെല്ലാം മായിച്ച് സകല രോഗങ്ങളും

സൗഖ്യമാക്കി സകല ഭൗതീക നന്മകളാലും അനുഗ്രഹിക്കുന്ന കർത്താവിനെ സ്തുതിക്കുക' എന്നു പറയാം. എന്നാൽ പുതിയ നിയമത്തിൽ കൃപയ്ക്ക് അധീനരാകുമ്പോൾ നിങ്ങൾക്കു ശ്രേഷ്ഠകരമായ ചിലതു ചേർത്തു പറയുവാൻ കഴിയും. അതേ! കർത്താവേ താഴത്തെ നിലയ്ക്കായി (പാപക്ഷമ, രോഗശാന്തി, ഭൗതികനന്മകൾ) മാത്രമല്ല മുകളിലത്തെ നിലയ്ക്കായി സ്തോത്രം. എന്റെ ജീവിതത്തിൽ ഉണ്ടായിരുന്നതായ പാപത്തിന്റെ കർത്തൃത്വം എടുത്ത കളഞ്ഞതിനായി സ്തോത്രം. പാപത്തിനടിമയായിരുന്ന ഞാൻ ഇപ്പോൾ വിടുവിക്കപ്പെട്ട് നിന്റെ അടിമയായിത്തീർന്നു. കർത്താവേ, മത്തായി 1:21 ലെ വാഗാദത്തപ്രകാരം എന്റെ പാപം നീക്കി രക്ഷിച്ചതിനായി സ്തോത്രം. എന്റെ ഹൃദയത്തിലെ ഇച്ഛകളിൽനിന്നു വിടുവിച്ചതിനായി സ്തോത്രം. എന്റെ കോപത്തിൽനിന്നു വിടുവിച്ചതിനായി സ്തോത്രം. എന്റെ എല്ലാ കുറ്റംപറച്ചിലിൽ നിന്നും വിടുവിച്ചതിനായി സ്തോത്രം. ഇപ്രകാരം നിങ്ങൾക്കു പറയുവാൻ കഴിയുമോ? ഇതു പുതിയനിമയത്തിലെ ശിഷ്യന്മാർക്കു മാത്രമേ പറയുവാൻ കഴിയുകയുള്ളൂ. ശിഷ്യത്വത്തിന്റെ ശ്രേഷ്ഠമായ അവകാശം പാപത്തിന്മേൽ പൂർണ്ണജയമുള്ള ഉന്നതമായ ജീവിതമാണ്.

**6. മത്സരം, അസൂയ, ശണ്ഠ, കുറ്റംപറച്ചിൽ ഇവ നിറഞ്ഞതായ ഇന്നത്തെ വ്യത്യസ്ത സഭകളിൽ പാപത്തിന്മേൽ പൂർണ്ണജയം പ്രാപിക്കുന്നതായ ശിഷ്യന്മാരായി സഭയ്ക്ക് പുതിയ ചൈതന്യം വരുത്താൻ വരുവിൻ.**

ഇന്ത്യയിലുള്ള സഭകളിൽ മാത്രമല്ല ലോകമെങ്ങുമുള്ള വ്യത്യസ്തമായ സഭകളിൽ പൊതുവായി കാണപ്പെടുന്ന കാര്യം എന്താണെന്നറിയാമോ? ഓരോ സഭകളിലും ജനങ്ങൾ ശണ്ഠ കൂടി കുറ്റം പറഞ്ഞു വാഗ്വാദം ഉണ്ടാക്കുന്നു. ഒരാൾ മറ്റൊരാളോടു തമ്മിൽ സംസാരിക്കാറില്ല. തമ്മിൽ ക്ഷമിക്കാറില്ല. നേതൃസ്ഥാനത്തിനായി മത്സരിക്കുന്നു. ഇതിനെല്ലാം കാരണം എന്താണ്? ഒരേ കാരണം തന്നെ. ഇവരാരും ഇനിയും മുകളിലത്തെ നിലയിലേക്കു കയറി ചെന്നിട്ടില്ല. അല്ലെങ്കിൽ തങ്ങളുടെ പാപം നീങ്ങി രക്ഷിക്കപ്പെട്ടിട്ടില്ല.

നിങ്ങളുടെ സ്ഥലത്തു മുകളിലത്തെ നിലയിൽ കയറിയവർ ഒന്നിച്ചുകൂടി സഭയെ പണിയുന്നതായാൽ തീർച്ചയായും അതു പൂർണ്ണമായും വേർപെട്ട സഭയായീത്തീരും എന്നതിനു സംശയമില്ല. അവിടെ കലഹമില്ല. മത്സരമുണ്ടായിരിക്കയില്ല. വാഗ്വാദവും കുറ്റം പറച്ചിലും കാണുകയില്ല. തമ്മിൽ തമ്മിൽ ശ്രേഷ്ഠരെന്നു കാണിക്കാനുള്ള ശ്രമവും ഉണ്ടായിരിക്കയില്ല. ....വിശ്വാസവീര്യം പ്രാപിച്ച ശിഷ്യരായി ഒന്നിച്ചുകൂടി സഭയിൽ പുതിയ ചൈതന്യം സൃഷ്ടിക്കാൻ വരുവിൻ.

## ദയവായി ശ്രദ്ധിക്കുക

10 വർഷത്തിൽ ഒരു പ്രാവശ്യം ജാമക്കാരൻ Mailing list പുതുക്കുന്നത് പതിവാണ്. അതുകൊണ്ട് ഈ വർഷം നിങ്ങളുടെ അഡ്രസ്സിൽ മാറ്റങ്ങൾ ഉണ്ടെങ്കിൽ നിങ്ങളുടെ ഫോൺ നമ്പറോടു കൂടെ എന്നെ എഴുതി അറിയിക്കുവാൻ അഭ്യർത്ഥിച്ചുകൊള്ളുന്നു. നിങ്ങളുടെ അഡ്രസ്സിൽ അക്ഷരതെറ്റുണ്ടെങ്കിലും ദയവായി എഴുതി അറിയിക്കുക. നിങ്ങളുടെ അഡ്രസ്സ് slip ന്റെ മുകളിലുള്ള കൂപ്പൺ നമ്പരും ചേർത്ത് അറിയിച്ചാൽ നന്നായിരിക്കും. ഇ-മെയിൽ മുഖാന്തിരമായും എന്നെ അറിയിക്കാവുന്നതാണ്. Email - jamakaran@yahoo.com

# പെന്തകോസ്തുസഭകളിലുള്ള പ്രശ്നങ്ങൾ

## ഐ.പി.സിയുടെ ആരാധനാസ്ഥലം ചർച്ച് ഓഫ് ഗോഡ് കയ്യേറിയെന്ന് ആരോപണം; പ്രശ്നം കോടതിയിലേക്ക്




ഐ.പി.സി പിമ്പ്രി കാലേവാടി ഹെബ്രോൻ സഭയുടെ ആരാധനാലയം ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ് കയ്യേറിയതായി ആരോപണം. മെയ് മാസം ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ് ഓവർസിയർ പൂനെയിൽ എത്തുകയും ഐ.പി.സിയുടെ ബോർഡ് മാറ്റി, പകരം ചർച്ച് ഓഫ് ഗോഡിന്റെ ബോർഡ് വയ്ക്കുകയും ഐ.പി.സി യുടെ പ്രാദേശിക സഭയെ ചർച്ച് ഓഫ് ഗോഡിന്റെ സഭയായി പ്രഖ്യാപിക്കുകയും ചെയ്തു എന്നാണ് അറിയുന്നത്. പ്രസ്തുത സഭയിൽ സ്റ്റേറ്റ് ഓവർസിയർ സ്നാനശുശ്രൂഷ നടത്തുകയും ചെയ്തു.

കാലേവാടി ഐ.പി.സി സഭയിൽ നാളുകളായി ഭിന്നത നിലനിൽക്കുകയായിരുന്നു. ചില സാങ്കേതിക കാരണങ്ങളാണ് സഭയുടെ വസ്തു ഹെബ്രോൻ ട്രസ്റ്റ് എന്ന പേരിലാണ് ആധാരം നടത്തിയിരിക്കുന്നത്. കോടികൾ വിലവരുന്ന വസ്തുവും കെട്ടിടങ്ങളുമാണ് ഹെബ്രോൻ ട്രസ്റ്റിനുള്ളത്. സ്ഥലം സഭാശുശ്രൂഷകനെ സ്ഥലം മാറ്റുന്നതുമായി ബന്ധപ്പെട്ട പ്രശ്നം വഷളാവുകയും പിളർപ്പിലെത്തുകയുമായിരുന്നു. ഇതേ തുടർന്ന് ഒരേ കെട്ടിടത്തിൽ രണ്ട് ആരാധന നടന്നു വരികയാണ്. ഇതേ സമയം ഐ.പി.സി നേതൃത്വം അച്ചടക്ക നടപടിയെടുത്ത ഒരു ശുശ്രൂഷകനെ ചർച്ച് ഓഫ് ഗോഡ് ശുശ്രൂഷകനാക്കിയെന്നാണ് ഒരു വിഭാഗം ആരോപിക്കുന്നത്. പരസ്പരം ഭാരവാഹികളെ പുറത്താക്കുന്ന ട്രസ്റ്റിന്റെ രാഷ്ട്രീയം മറനീക്കി പുറത്തു വന്നപ്പോഴാണ് പിളർപ്പ് അനിവാര്യമായി തീർന്നത്. ഒരുവിഭാഗം ചർച്ച് ഓഫ് ഗോഡിനോട് ചേരാൻ സെൻട്രൽ വെസ്റ്റ് റീജിയണൽ ഓവർസിയർ റവ.ജോസഫ് മാതൃവിനെ സമീപിച്ചിരുന്നു. എന്നാൽ സങ്കീർണ്ണമായ ഈ പ്രശ്നത്തിൽ ഇടപെടാൻ തയ്യാറല്ലെന്നും കേസുകളിക്കാൻ താല്പര്യമില്ലെന്നും അദ്ദേഹം വ്യക്തമാക്കി. സെൻട്രൽ വെസ്റ്റ് റീജിയൻ ഉപേക്ഷിച്ച ഈ പ്രശ്നം കേരളാ സ്റ്റേററ് ഓവർസിയർ

ഏറ്റുപിടിച്ചതിൽ പരക്കെ അമർഷം ഉണ്ട്. വടക്കേ ഇന്ത്യയിൽ കേരളാ സ്റ്റേറ്റിന് പ്രവർത്തനങ്ങൾ തുടങ്ങുന്നതിന് സാധാരണ കീഴ്വഴക്കമല്ല. സെൻട്രൽ വെസ്റ്റ് റീജിയന്റെ പ്രവർത്തനമേഖലയിൽ കേരളാ ഓവർസിയർ നടത്തിയ ഇത്തരം നടപടിയിൽ ബോംബെ റീജിയൻ കൗൺസിലിന് അതൃപ്തിയുണ്ട്.

ഐ.പി.സിയുടെ സ്ഥലത്ത് ഓവർസിയർ അതിക്രമിച്ചു കയറി സിവിൽ നിയമലംഘനം നടത്തിയതും ചർച്ച് ഓഫ് ഗോഡിന്റെ ബോർഡ് സ്ഥാപിച്ചതും കുറ്റകരമായ നടപടിയാണെന്നും സഭാ നേതൃത്വങ്ങളും സംഘടനകളും തമ്മിൽ നിലനിൽക്കുന്ന ആരോഗ്യകരമായ ബന്ധത്തിനും ധാരണയ്ക്കും ഇത് വിഘാതം സൃഷ്ടിക്കുമെന്നും ഐ.പി.സി മഹാരാഷ്ട്ര നേതൃത്വം വ്യക്തമാക്കി. പ്രസ്തുത സംഭവത്തിൽ ഐ.പി.സി മഹാരാഷ്ട്ര സ്റ്റേററ് കൗൺസിലിലും ജനറൽ കൗൺസിലിലും പ്രതിഷേധം ഉയർന്നിട്ടുണ്ട്. ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ് കൗൺസിലിൽ ചർച്ച ചെയ്യാതെ ഓവർസിയർ, പ്രശ്നത്തിൽ ഇടപെട്ടതിൽ കൗൺസിൽ അംഗങ്ങൾക്ക് പ്രതിഷേധമുണ്ട്. നിയമലംഘനം നടത്തിയ ഓവർസിയർക്കെതിരെ നിയമനടപടികൾ സ്വീകരിക്കുമെന്നും ചർച്ച് ഓഫ് ഗോഡിന്റെ ദേശീയ അന്തർദേശിയ നേതൃത്വത്തിന്റെ ശ്രദ്ധയിൽ എത്തിക്കുമെന്നും മഹാരാഷ്ട്ര നേതൃത്വം പറയുന്നു.

# എ.ഒ.ജി സഭാപാസ്റ്റർ അരുൾ അവറുകളുടെ വീടിനും ചുറ്റും പോലീസ്



തമിഴ്നാട്ടിൽ എ.ഒ.ജി സഭകളുടെ സീനിയർ പാസ്റ്ററും ബിഷപ്പ് സ്ഥാനത്ത് നിന്ന് തോറ്റവരും ധാരാളം വിദേശപണം ധാരാളം ലഭിക്കുന്നവരിൽ ഒരാളാണ് പാസ്റ്റർ അരുൾ. അദ്ദേഹത്തിന്റെ പല സഭകളിലും അനാഥകുട്ടികളെ വളർത്തുന്ന സ്ഥാപനങ്ങളും റ്റി.വി, റേഡിയോ റെക്കാർഡിംഗ് സ്റ്റേഷൻ തന്റെ വീട്ടിൽ തന്നെ സ്ഥാപിച്ചിട്ടുണ്ട്. ഇദ്ദേഹം ചെറിയ കുട്ടികളെ വഷളാക്കുന്നു എന്ന ആരോപണങ്ങൾ പോലീസ് സ്റ്റേഷനിൽ വന്നുകൊണ്ടിരിക്കുന്നു. അതിന്റെ അടിസ്ഥാനത്തിൽ 2015 ജൂലൈ മാസം ഉന്നതപോലീസ് ഉദ്യോഗസ്ഥരും, പോലീസും രാത്രി 1 മണിക്ക് രഹസ്യമായി അദ്ദേഹത്തെ തെളിവോടുകൂടി പിടിക്കാൻ വേണ്ടി വീടിനു ചുറ്റും കാത്തിരുന്നു. രണ്ടു മണിയായപ്പോൾ ഗേറ്റ് തകർത്തുകൊണ്ട് പോലീസ് ഉള്ളിൽ കയറി. അവിടെ അനാഥശാലയിലെ പെൺകുട്ടികൾ പാസ്റ്ററിന്റെ മുറിയിൽ ഉണ്ടായിരുന്നു. പക്ഷേ പാസ്റ്റർ സ്ഥലത്തിലില്ലാത്തതുകൊണ്ട് രക്ഷപ്പെട്ടു. ആ സമയം അദ്ദേഹം മറ്റൊരു സ്ഥലത്തിലായിരുന്നു. ഫോണിലൂടെ വിവരം അറിയിച്ചപ്പോൾ പാസ്റ്റർ അവിടെ നിന്നും പോലീസ് അധികാരികളോട് ദേഷ്യപ്പെട്ട് വഴക്കുപറയുകയും ചെയ്തു. പോലീസ് അധികാരികൾ, തെറ്റായ ആരോപണം കൊണ്ട് വന്നതാണ് ക്ഷണിക്കണം എന്ന് പറഞ്ഞ് മടങ്ങിപ്പോയി. പാസ്റ്റർ അരുൾ അവർകൾ അവിടെ ഉണ്ടായിരുന്നെങ്കിൽ തീർച്ചയായും അറസ്റ്റ് ചെയ്ത് വലിയ അപമാനത്തിന് ഇടയാകുകയും ചെയ്യുമായിരുന്നു. നേരത്തേ പാസ്റ്ററിനെ കുറിച്ചുള്ള ആരോപണങ്ങൾ എഴുതിയ വാർത്തകൾ ചുമരുകളിൽ എഴുതിയ വിവരങ്ങൾ ജാമക്കാരനിലൂടെ പ്രസിദ്ധീകരിച്ചത് വായനക്കാർ അറിഞ്ഞിരിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു.

ഇതിൽ ആദ്യത്തെ തെറ്റ് പാസ്റ്റർ അവർകൾ വളർത്തുന്ന അനാഥ പെൺകുട്ടികൾ ദൂരത്തിലുള്ള അനാഥാലയത്തിലിരുന്ന് രാത്രിയിൽ പാസ്റ്റർ വീട്ടിൽ വന്ന് കിടന്നത് തെറ്റാണ്. ഇങ്ങനെയുള്ള പല ആരോപണങ്ങൾ വന്നിട്ടും പാസ്റ്റർ ആ വിഷയത്തിൽ ജാഗ്രത കാണിക്കാതെ പോയത് തെറ്റാണ്. താൻ വളർത്തുന്ന പ്രായപൂർത്തിയായ അനാഥപെൺകുട്ടികളെ തന്റെ വീട്ടിൽ കൊണ്ടുവന്ന് കിടത്തുന്നത് ഒഴിവാക്കേണ്ടതായിരുന്നു.

രണ്ടാമത്തെ തെറ്റ് ഒരു വലിയ പെന്തകോസ്തു സഭയായ എ.ഒ.ജി സഭയുടെ സീനിയർ പാസ്റ്ററായ ഇദ്ദേഹത്തിന്റെ തെറ്റായ ആരോപണത്തിന്റെ അടിസ്ഥാനത്തിൽ പോലീസ് വീട്ടിനുള്ളിൽ രാത്രിയിൽ തീവ്രവാദികളെ പിടിക്കുന്നതുപോലെ ഉള്ളിൽ കയറിയത് പോലീസ് ഭാഗത്തു നിന്നും ഉണ്ടായ വലിയ തെറ്റാണ്. പാസ്റ്ററിന്റെ നേരെയുള്ള ആരോപണങ്ങൾ സത്യമോ, ഇല്ലയോ എന്ന് തന്റെ സി.ഐ.ഡി പോലീസ് വഴിയായി ശരിക്കും അറിയാതെ, ഉയർന്നപോലീസ് ഉദ്യോഗസ്ഥർ തന്റെ കീഴിലുള്ള വലിയ പോലീസ് സംഘം വീട്ടിൽ കയറിയത് ശാസിക്കേണ്ടതാണെന്ന് മധുരയിലുള്ള അധികാരികൾ പറഞ്ഞതായി വാർത്തകൾ വന്നു.

പല വർഷങ്ങളായി പാസ്റ്റർ അരുൾ (മധുര) അവർകളെ അപമാനപ്പെടുത്തുവാനും അവരോടു കൂടെ ഉണ്ടായിരുന്ന ദൈവവേലക്കാർ തന്നെ ശ്രമിച്ചതായും അറിയുന്നു. വിദേശപണം വാങ്ങുന്ന ദൈവവേലക്കാരും വലിയ സഭകളും സ്ഥാപനങ്ങളും നടത്തുന്ന വ്യക്തികൾ തന്നോടു കൂടെയുള്ള സഹപ്രവർത്തകരോട് വളരെ ജാഗ്രതയായിരിക്കണം. ആരെയും വിശ്വസിക്കരുത്. ഇങ്ങനെയുള്ളവരാണ് അസൂയകൊണ്ടും ഈ കാര്യങ്ങളിൽ ഇടപെടുന്നത്. മറ്റെല്ലാ ദൈവവേലക്കാർക്കും ഈ വാർത്തകൾ ഒരു പാഠമായിരിക്കും. ഈ വിഷയം മാധ്യമങ്ങളിൽ വന്നതുകൊണ്ട് പെന്തകോസ്തു പാസ്റ്റർമാർക്ക് മാത്രമല്ല നമ്മുടെ ദൈവമായ യേശുക്രിസ്തുവിനും അപമാനകരമായ ഒരു വിഷയമാണ്. ദൈവനാമം ദുഷിക്കപ്പെടരുത്. ഏതൊരു ദൈവവേലക്കാരന്റെയും പ്രസംഗവും പ്രവർത്തനവും ഒന്നുപോലെ സാക്ഷ്യമായിരിക്കണം. അങ്ങനെയിരുന്നാൽ ഇതുപോലെയുള്ള ആരോപണങ്ങൾ വരാതെയിരിക്കാൻ സാധിക്കും.

## ഇതാണോ പരിശുദ്ധാത്മാവിന്റെ പ്രവർത്തനം

പരിശുദ്ധാത്മാവിന്റെ പേരിൽ പിശാചിന്റെ ആത്മാവിന്റെ പ്രവർത്തനം താഴെ കാണുന്ന ഫോട്ടോയിൽ





മുകളിൽ കാണുന്ന പടത്തിൽ സ്ത്രീകൾ താഴെ വീണു കിടക്കുന്നത് നിങ്ങൾ കാണുന്നു. ഇത് ഭൂമികുലുക്കമോ റെയിൽ അപകടത്തിലോ മരിച്ചുപോയവരെ തറയിൽ കിടത്തവരുടെ കാഴ്ചയല്ല. ഇവരെല്ലാം പരിശുദ്ധാത്മാവിന്റെ ശക്തിയാൽ വീണുപോയവരെന്ന് പറയുന്നു. വീണുപോയ സ്തീകളാരും ഉടനെ എഴുന്നേൽക്കാൻ പാടില്ല. ഫോട്ടോ എടുക്കുന്നതുവരെ അവിടെ തന്നെ കിടക്കണം. അങ്ങനെതന്നെ ഒന്നു ഉറങ്ങാൻ സാധിക്കും.

ഇതെന്താ കൂത്ത്? ഇന്ന് പല ദൈവവേലക്കാർ പരിശുദ്ധാത്മാവിന്റെ തീനാളമെന്നും പരിശുദ്ധാത്മാവിന്റെ ശക്തിയെന്ന പേരിലും കാണിക്കുന്ന ഒരു തന്ത്രമാകുന്നു. കൈനീട്ടിയാൽ ആളുകൾ വീഴും, വിരൽ നീട്ടിയാൽ ആളുകൾ വീഴും, കൈവച്ചാൽ ആളുകൾ വീഴും ഇതെല്ലാം പരിശുദ്ധാത്മാവിന്റെ ശക്തിയെന്ന് ജനങ്ങളെ വിശ്വസിപ്പിക്കുന്ന കള്ളദൈവവേലക്കാർ. ഇങ്ങനെയുള്ള ദൈവവേലക്കാരെ സഭയിൽ വിളിച്ച് യോഗം നടത്തിയാൽ സഭയിൽ ഉണർവ്വു ഉണ്ടാകുകയില്ല. അതിനുപകരം പിശാചിന്റെ ആത്മാവ് സഭയ്ക്കുള്ളിൽ കയറുവാൻ ഇടയാകും.

മുകളിൽ കാണുന്നത് തമിഴ്നാട്ടിൽ സഹോ.ജസ്റ്റിൻ അവർകളും അവരുടെ ഭാര്യ പ്രീതാ ജസ്റ്റിൻ അവർകളും പ്രാർത്ഥിക്കാൻ വന്നവരെ വിരൽകൊണ്ട് താഴെ വീഴ്ത്തുന്നത് ഇവരുടെ യോഗത്തിൽ കാണാം. ഇങ്ങനെ വീഴാൻ വേണ്ടിതന്നെ ഇവരുടെ യോഗങ്ങളിൽ വരുന്നവർ ധാരാളം ഉണ്ട്. ഇതിനെ ഇവർ പരിശുദ്ധാത്മാവിന്റെ ശക്തി എന്ന് കള്ളം പറഞ്ഞ് വിശ്വസിപ്പിക്കുന്നു.

കേരളത്തിലും പ്രാർത്ഥിക്കുമ്പോൾ ജനങ്ങളെ താഴെ വീഴ്ത്തുന്ന ദൈവവേലക്കാരും വർദ്ധിക്കുവാൻ തുടങ്ങി. ഇങ്ങനെയുള്ള ദൈവവേലക്കാരെയോ പാസ്റ്റർമാരെയോ വിശ്വസിക്കരുത്.

പരിശുദ്ധാത്മാവ് നിങ്ങളിൽ വരുമ്പോൾ **ബലപ്പെട്ട്, പുറപ്പെട്ട്, സാക്ഷിയായിരിപ്പിൻ** എന്നാണ് നമ്മുടെ വേദപുസ്തകം പഠിപ്പിക്കുന്നത്.

## PDF ൽ ജാമക്കാരൻ മാസിക

ധാരാളം പേരുടെ ആവശ്യപ്രകാരം, ജാമക്കാരൻ മുഴുവനും ഫോട്ടോ സഹിതം, PDF വഴിയായി അയക്കുവാനുള്ള സംവിധാനം ഉണ്ട്. അതുകൊണ്ട് നിങ്ങളുടെ ഇ-മെയിൽ ഐ.ഡി അയച്ചുതന്നാൽ മാസിക മുഴുവനും അതുവഴി ലഭ്യമാക്കുന്നതാണ്. നിങ്ങൾ ഇ-മെയിൽ വഴി ഇത് ആവശ്യപ്പെട്ടാൽ, നിങ്ങളുടെ ഇ-മെയിൽ ഐ.ഡിയേ ഞങ്ങൾ പി.ഡി.എഫ് ലിസ്റ്റിൽ ചേർക്കുന്നതാണ്.

നിങ്ങളുടെ പ്രാർത്ഥനാ കുറിപ്പും ബൈബിൾ സംശയങ്ങളും കുടുംബ പ്രശ്നങ്ങൾക്കായുള്ള ആലോചനകളും കത്തുവഴിയായോ, ഇ-മെയിൽ മുഖാന്തിരമോ അയക്കുമെങ്കിൽ പ്രാർത്ഥിച്ചു ഞാൻ മറുപിട അയക്കുന്നതായിരിക്കും.

## ജാമക്കാരൻ വേണ്ട

ജാമക്കാരൻ (മാസിക നിങ്ങളുടെ ആത്മാവിന് ഉപയോഗപ്രദം ആകുന്നില്ല എങ്കിൽ) നിങ്ങൾക്ക് ലഭിക്കുന്ന മാസികയുടെ മുകളിൽ REFUSED എന്നെഴുതി നിങ്ങളുടെ അഡ്രസ്സ്, വെട്ടി തിരിച്ചയയ്ക്കുക (Stamp വേണ്ട). അങ്ങനെ ചെയ്താൽ നിങ്ങളുടെ അഡ്രസ്സ് ഞങ്ങളുടെ Mailing List-ൽ നിന്നു നീക്കുവാൻ സാധിക്കും. ഇതിന് നിങ്ങൾ സഹകരിക്കും എന്ന് വിശ്വസിക്കുന്നു. നന്ദി

# കൗമാരപ്രായത്തിലുള്ള പെൺകുട്ടികൾക്ക് പ്രത്യേക ഉപദേശം

നിങ്ങൾ ഇഷ്ടപ്പെട്ടാലും ഇഷ്ടപ്പെട്ടില്ലെങ്കിലും ഇന്നോ നാളെയോ ആൺകുട്ടികൾ നിങ്ങളോടു താല്പര്യം കാണിക്കാൻ തുടങ്ങും. ഇവർ നിങ്ങളുടെ കോളേജുകളിൽ പഠിക്കുന്നവരായിരുന്നേക്കാം. ഇവരോടു നിങ്ങൾ എങ്ങനെയാണു ഇടപഴകേണ്ടതെന്നു നിങ്ങൾ അറിഞ്ഞിരിക്കേണ്ടതു അത്യാവശ്യം. പെൺകുട്ടികൾ നന്നായി ശ്രദ്ധിക്കേണ്ട ചില വിഷയങ്ങൾ മാത്രം ഇവിടെ സൂചിപ്പിക്കുന്നു.

പഴയകാലത്ത് പെൺകുട്ടികൾ ചെറുപ്പത്തിൽതന്നെ വിവാഹിതരാകും. ഇന്നത്തെക്കാലത്തിൽ പെൺകുട്ടികൾ ഉന്നതവിദ്യാഭ്യാസം ലഭിക്കാൻ ആഗ്രഹിക്കുന്നതുകൊണ്ടു കുറച്ചുകൂടെ കാലതാമസം വന്നതിനുശേഷം മാത്രമേ അവരുടെ വിവാഹത്തെക്കുറിച്ചു സംസാരിക്കാറുള്ളൂ. ഡിഗ്രിക്കു അല്ലെങ്കിൽ ഒരു പരിശീലനത്തിൽ കാലം കഴിക്കുന്ന ആ കാലഘട്ടത്തിലാണ് പെൺകുട്ടികൾ ആൺകുട്ടികളോടു പരിചയപ്പെടാൻ ഇടയായിത്തീരുന്നത്. അപ്പോൾ അവർ പല ശോധനകൾക്കു പാത്രീഭൂതരായിത്തീരുന്നു. തങ്ങളുടെ ആകർഷണത്തിന്റെ കാരണത്താൽ വിവാഹചിന്ത ഇല്ലാതെ തന്നെ മറ്റുള്ള പുരുഷന്മാരുടെ ശ്രദ്ധ ആകർഷിക്കാൻ ചിന്തിക്കുന്നു. ഈ പരീക്ഷയ്ക്കു ഇവർ ഇടം നൽകുമെങ്കിൽ അതു വൻ ആപത്തായി പരിണമിക്കുന്നു.

പുരുഷന്മാരെക്കാൾ സ്ത്രീകൾക്കു തന്നെ ആ വികാരം അധികനാൾ നീണ്ടിരിക്കും എന്നതു സ്ത്രീകൾ ഓർത്തിരിക്കണം. ഒരു ചെറുപ്പക്കാരൻ ഒരു പെൺകുട്ടിയെ സ്നേഹിച്ചിട്ട് അവളെ പെട്ടെന്നു മറന്നു കളയും. പിന്നെ മറ്റൊരു പെൺകുട്ടിയെ സ്നേഹിക്കാൻ ആരംഭിക്കും. ഇതു മുഖാന്തിരം അവന്റെ വികാരജീവിതത്തിനു വളരെ ആപത്തു ഉണ്ടാകയില്ല. പല ചെറുപ്പക്കാരും പെൺകുട്ടികളോടു പരിചയപ്പെടുന്നതു വെറും ശാരീരികബന്ധത്തിനായി മാത്രമായിരിക്കും. എത്രത്തോളം ഇതു സാധിക്കുമോ അത്രത്തോളം അവരുടെ ബന്ധവും നീളും. സ്നേഹം അല്പം പോലും ഇല്ലാതെ അവരോടു ഇടപെട്ടു പരിചയപ്പെടാൻ സാധിക്കും. എന്നാൽ ഒരു പെൺകുട്ടി അപ്രകാരമുള്ള ലൈംഗികബന്ധം ഉണ്ടാകുമ്പോൾ സ്നേഹവികാരം ഉള്ളവളായിരിക്കുന്നു. താൻ സ്നേഹിക്കുന്ന ചെറുപ്പക്കാരന്റെ സ്നേഹത്തിൽ നിന്നും വിട്ടുമാറുന്നതു അവളെ സംബന്ധിച്ചിടത്തോളം സങ്കടമായ കാര്യം. ചില പെൺകുട്ടികൾ ഈ സങ്കടം തന്റെ വിവാഹത്തിനുശേഷവും ഓർത്തു അല്ലെങ്കിൽ ചിന്തിച്ചുകൊണ്ടേയിരിക്കും. വിവാഹജീവിതത്തെ സന്തോഷകരമല്ലാത്ത ഒരു വിഷയമാക്കിത്തീർക്കും. അതുകൊണ്ടു ഇവിടെ മുന്നറിയിപ്പു ആവശ്യമായിരിക്കുന്നു.

സ്പർശനം വഴിയുണ്ടാകുന്ന പരീക്ഷകൾ വളരെയേറെ ഭയങ്കരമായവ എന്നു പെൺകുട്ടികൾ മറന്നുപോകരുത്. അതുകൊണ്ടു ഒരു ആൺകുട്ടിയും നിങ്ങളുടെ കൈ പിടിക്കാൻ അനുവദിക്കാൻ പാടില്ല. ചുംബനം ചെയ്യാനും അല്പം പോലും അനുവദിക്കരുത്. ഈ കാര്യങ്ങൾ നടന്നു കഴിഞ്ഞാൽ പിന്നീടു ആവശ്യമില്ലാത്ത സങ്കല്പങ്ങൾ മനസ്സിൽ തോന്നാൻ ആരംഭിക്കും. ഒരു കാര്യത്തിനുശേഷം അടുത്ത കാര്യം എളുപ്പത്തിൽ നടക്കും. (സ്ത്രീയെ തൊടാതരിക്കുന്നത് മനുഷ്യനു നല്ലത് 1 കൊരി 7:11).

മറ്റൊരു കാര്യവും നിങ്ങൾ നന്നായി മനസ്സിലാക്കണം. ആൺകുട്ടികളോടുള്ള ബന്ധം മുറിഞ്ഞുപോകുമ്പോൾ പെൺകുട്ടിയ്ക്കാണു അധിക ബുദ്ധിമുട്ട്. നിന്നെ ഉപേക്ഷിച്ചു വേറൊരു പെൺകുട്ടിയെ വിവാഹം കഴിക്കാം എന്നുള്ളതു അവനെ സംബന്ധിച്ചിടത്തോളം എളുപ്പം. എന്നാൽ നിനക്കു അങ്ങനെയല്ല. ഉള്ളകാലമെല്ലാം നിന്റെമേൽ ഒരു കളങ്കം നിലനില്ക്കും. അതിന്റെ ഫലമായി നിനക്കു ഒരിക്കലും ഒരു തുണയാളി ലഭിക്കാതെയും വന്നേക്കാം. ഇന്ത്യയെ സംബന്ധിച്ചിടത്തോളം ഇതു വളരെയധികം ശരിയുമാകുന്നു. തെറ്റായ രീതിയിൽ ആൺകുട്ടികളോടു പഴകിയ പെൺകുട്ടികളെപ്പറ്റിയല്ല ഞാനിവിടെ പറയുന്നതു. ഒരു ആൺകുട്ടിയോടു പഴകിയ പെൺകുട്ടിയെക്കുറിച്ചു പറയുന്നില്ല. ഒരു ആൺകുട്ടിയോടും യാതൊരു തെറ്റും കൂടാതെ പഴകിയ പെൺകുട്ടികളെക്കുറിച്ചു മാത്രമാണു സംസാരിക്കുന്നത്. ആ ബന്ധം ഭൂരിപക്ഷവും കത്തുമുഖാന്തിരമോ അല്ലെങ്കിൽ ഫോൺ വഴിയോ ആയിരുന്നാൽപോലും അവർ പിന്നീടു കഷ്ടപ്പെടും. ഈ ബന്ധത്തെപ്പറ്റിയുള്ള കാര്യം (കത്തു അല്ലെങ്കിൽ ഫോൺവഴിയുള്ള ബന്ധം) മറ്റുള്ളവർ അറിഞ്ഞാൽ പെൺകുട്ടിയുടെ ജീവിതത്തിനു ബുദ്ധിമുട്ടുണ്ടാകും. ഇവിടെ പെൺകുട്ടികൾ തങ്ങളുടെ അഭിമാനം കാത്തുസൂക്ഷിക്കാൻ ഉള്ള കാര്യം ചിന്തിച്ചുനോക്കണം.

ആരംഭത്തിൽ അലക്ഷ്യമായിരുന്ന പല പെൺകുട്ടികളും തങ്ങളുടെ അഭിമാനം നഷ്ടപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരമുള്ള കാര്യം അവരുടെ സാക്ഷി നശിപ്പിക്കുമെന്നു മാത്രമല്ല കർത്താവിന്റെ തിരുനാമത്തിനും വലിയ ചീത്തപ്പേരുണ്ടാക്കും. സ്ത്രീകൾ ബലഹീനപാത്രമെന്നും എളുപ്പത്തിൽ അവർ വഞ്ചിതരാകുമെന്നും വേദപുസ്തകം പറയുന്നത് (1 പത്രോ 3:7, 1 തിമെ 2:14) അർത്ഥമില്ലാതെയല്ല.

വിവാഹത്തെപ്പറ്റി ഉടനെ സംസാരിക്കാൻ പോകുന്നു എന്നു അറിയുന്നകാലംവരെ ആൺകുട്ടികളോടു അധികം പഴകാതിരിക്കുന്നതു നല്ലതു. ഇതിനു മറ്റൊരു കാരണവും ഉണ്ടു. വിവാഹമാകാത്ത ആ കാലം തന്നെ നിങ്ങൾക്ക് സ്വതന്ത്രമായും യാതൊരു സങ്കടവുമില്ലാതെയും ദൈവസേവയിൽ ബന്ധപ്പെടാനുള്ള കാലമാണവ. വിവാഹം കഴിഞ്ഞശേഷം നിങ്ങളുടെ സമയം നിങ്ങൾക്കു സ്വന്തമല്ല. ആ വർഷങ്ങൾ ആൺകുട്ടികളോടു ഇടപഴകുന്നതിൽ ചെലവിട്ടാൽ ദൈവശുശ്രൂഷയ്ക്കു നിങ്ങൾ കൊടുക്കേണ്ട മുഖ്യകാലം നിങ്ങൾ നഷ്ടപ്പെടുത്തുന്നു. പിശാചു നിങ്ങളുടെ ആത്മീയപാത തെറ്റിക്കാതിരിക്കാൻ സ്വയം കാത്തുകൊള്ളുവിൻ.

ഈ വിഷയത്തോടു ബന്ധപ്പെട്ട രണ്ടു ഉപദേശങ്ങൾ നൽകാൻ ഞാൻ ആഗ്രഹിക്കുന്നു. വിവാഹം കഴിയാത്ത യാതൊരു ആൺകുട്ടിയുടെ അടുത്തുപോയി നിങ്ങളുടെ ആത്മീയകാര്യങ്ങൾക്കു ആലോചന കേൾക്കാതിരിക്കുക. വിവാഹം കഴിഞ്ഞ മുതിർന്നവരോടോ അല്ലെങ്കിൽ മറ്റൊരു സ്ത്രീയോടോ അഭിപ്രായം ചോദിക്കുന്നതു വളരെ നല്ലതു. മറ്റൊരു കാര്യവും നിങ്ങൾ ശ്രദ്ധിക്കണം. വിവാഹം കഴിഞ്ഞ ഏതൊരു പുരുഷനോടും അതായതു ആ പുരുഷന്റെ ഭാര്യയോടു നിങ്ങൾക്കു വളരെ അടുത്തു പരിചയമില്ലെങ്കിൽ നിങ്ങൾ ആ പുരുഷനോടും ഇടപഴകാൻ പാടില്ല.

ജാമക്കാരന്റെ കുറിപ്പ് : ശരീരബന്ധത്തെപ്പറ്റിയും പ്രേമവലയിൽ വീണ് ആത്മീയ കാമുകരെപ്പറ്റിയും ബാല്യപ്രായത്തിൽ ശോധനകൾ എങ്ങനെയെല്ലാം വരും എന്നും അതിൽനിന്നു നമ്മെ എങ്ങനെ കാത്തു സൂക്ഷിക്കാം എന്നതിനെപ്പറ്റിയും സുമാർ 20 വർഷങ്ങൾക്കുമുമ്പ് തിരിഞ്ഞുനോട്ടം എന്ന തലക്കെട്ടിൽ ഞാൻ ജാമക്കാരനിൽ തുടർച്ചയായി എഴുതിയിരുന്നു. ഇപ്പോൾ അതു ചെറിയ ചെറിയ പുസ്തക രൂപത്തിൽ തയ്യാർ ചെയ്തിരിക്കുന്നു. ആവശ്യമുള്ളവർ

എനിക്കെഴുതിയാൽ അതു അയച്ചുതരാം. തിരിഞ്ഞുനോട്ടം 5, 6, 9 എന്റെ ജീവിതത്തിൽ ഞാൻ എങ്ങനെ വിവാഹം കഴിച്ചു, വിവാഹത്തിനു മുമ്പ് എനിക്കു വന്ന ശോധനകൾ, പ്രേമവലയിൽ വീഴാതിരുന്നിട്ടു അതിൽനിന്നു സംരക്ഷിക്കപ്പെട്ടതും തുടങ്ങിയ വിവരങ്ങൾ തിരിഞ്ഞുനോട്ടം നമ്പർ 11–ൽ ഞാൻ എഴുതിയിട്ടുണ്ട്.

തിരിഞ്ഞുനോട്ടം എന്ന പരമ്പരം ഇതുവരെ 14 എണ്ണം വന്നു. ഇവ എന്റെ സ്വന്തജീവിതത്തിലും ദൈവവേലയിലും ഏർപ്പെട്ട പലവിധ അനുഭവങ്ങളെ പ്രത്യേകം പ്രത്യേകമായി ഞാൻ എഴുതിയിരിക്കുന്നു. ഇവകളിൽ ചിലതു തല്ക്കാലം തീർന്നുപോയിരിക്കുന്നു എങ്കിലും വീണ്ടും അവ അച്ചടിച്ചു പ്രസിദ്ധീകരിക്കും.

കർത്താവിന്റെ നാമം മാത്രം ഇതിൽ മഹത്വപ്പെടട്ടെ.

ആമേൻ.

# വായനക്കാരുടെ ശ്രദ്ധയ്ക്കു - അറിയിപ്പ്

## മണിയോടർ (EMO)

EMO വഴി ആയി മണിയോടർ അയിച്ചവർ പണം അയിച്ചിട്ടും മാസിക എന്തു കൊണ്ട് അയിച്ചില്ല എന്നു എനിക്കു കത്തെഴുതി ചോദിക്കുന്നു. ഇപ്പോഴുള്ള EMO മണിയോടറിൽ, ഏതു കാര്യത്തിനുവേണ്ടി പണം അയച്ചു എന്നു വിവരം എഴുതാൻ സാധിക്കുന്നില്ല. അതുകൊണ്ട് മണിയോടർ വഴിയായോ, ഓൺലൈൻ മൂലം ബാങ്കു വഴിയായോ പണം അയക്കുന്നവർ. നിങ്ങളുടെ മേൽ വിലാസത്തിനോടൊപ്പം ഏതു കാര്യത്തിനുവേണ്ടി അയച്ചു എന്നു കത്തെഴുതി അറിയിച്ചാൽ വളരെ ഉപഹാരമായി രിക്കും. എന്റെ ബാങ്ക് പാസ്ബുക്കിൽ ഓൺലൈൻ വഴിയായി പണം അയക്കുന്നവ രുടെ പേരും, സ്ഥലവും പോലും സൂചിപ്പിക്കുന്നില്ല. അതുകൊണ്ടു പണം അയച്ച യുടനെ ഒരു കത്തു വഴിയായി നിങ്ങൾ പണം അയച്ച വിവരം, കാരണം, തുക, ബാങ്കിന്റെ പേര്, നിങ്ങളുടെ വിലാശം, ഏതു തിയതി എന്നല്ലാം എഴുതി അറിയി ച്ചാൽ രസീത് അയിക്കാൻ സൗകര്യം ആയിരിക്കും. അതു മാത്രമല്ല പ്രധാനമായി **ഇൻകം ടാക്സിനു** അര് അയച്ചു, എന്തിനു വേണ്ടി അയച്ചു എന്ന വിവരങ്ങൾ അറി യിക്കാൻ വളരെ ഉപയോഗമായിരിക്കും. ഈ വിഷയത്തിൽ നിങ്ങൾ എനിക്ക് സഹ കരിക്കണം. ഈ ദൈവ വേലയിൽ പങ്കുചേരുന്ന നിങ്ങൾ ഏവരെയും ദൈവം അനു ഗ്രഹിക്കുമാരാകട്ടെ.

### ജാമക്കാരൻ വേണ്ട

ജാമക്കാരൻ (മാസിക നിങ്ങളുടെ ആത്മാവിന് ഉപയോഗപ്രദം ആകുന്നില്ല എങ്കിൽ) നിങ്ങൾക്ക് ലഭിക്കുന്ന മാസികയുടെ മുകളിൽ REFUSED എന്നെഴുതി നിങ്ങളുടെ അഡ്രെസ്സ്, വെട്ടി തിരിച്ചയയ്ക്കുക (Stamp വേണ്ട). അങ്ങനെ ചെയ്താൽ നിങ്ങളുടെ അഡ്രെസ്സ് ഞങ്ങളുടെ Mailing List-ൽ നിന്നു നീക്കുവാൻ സാധിക്കും. ഇതിന് നിങ്ങൾ സഹകരിക്കും എന്ന് വിശ്വസിക്കുന്നു. നന്ദി

# വിവാഹിതരായിട്ടും കുഞ്ഞുങ്ങൾ ലഭിക്കാത്തവർക്കുള്ള സന്ദേശം

ദൈവത്തിനു തങ്ങളെ സമർപ്പിച്ചു ദൈവവഴികളിൽ നടന്നു ദൈവവേല നിറവേറ്റിയിരുന്ന ഒരു ദമ്പതി തങ്ങളുടെ മനസ്സിൽ ഒരു വലിയ ആഗ്രഹത്തോടും ഭാരത്തോടും കാണപ്പെട്ടിരുന്നു. അവരുടെ വിവാഹം കഴിഞ്ഞു അനേകവർഷങ്ങളായെങ്കിലും അവർക്കു കുഞ്ഞുങ്ങൾ ഒന്നും ജനിച്ചിരുന്നില്ല. മക്കളില്ലെന്നുള്ള ഹൃദയഭാരം അവരെ ഭരിച്ചുകൊണ്ടിരുന്നു. അവരുടെ ദുഃഖത്തിനുകാരണം മറ്റുള്ളവരുടെ പരിഹാസ സംസാരം ആയിരുന്നു. അത് എന്താണെന്നു വച്ചാൽ ഈ ദമ്പതികളുടെ പാപം നിമിത്തമോ അല്ലെങ്കിൽ അവരുടെ മാതാപിതാക്കളുടെ പാപത്താലോ, അവരുടെ മേൽ ശാപം ഉണ്ടു; അതുകൊണ്ടു അവർക്കു കുഞ്ഞുങ്ങളില്ല എന്നു ചിലർ പറഞ്ഞു. മക്കളില്ലാത്തതിനു കാരണം ഭർത്താവാണെന്നുവാദിക്കുന്ന ചിലരും, മറ്റു ചിലർ ഭാര്യയാണു കാരണക്കാരി എന്നു പറയുന്നവരും ഉണ്ടു. നമ്മുടെ സമുദായത്തിൽ നാം കാണുന്ന കുറവാണിത്. കുഞ്ഞുങ്ങൾ ഇല്ലാത്ത നിലയെപ്പറ്റി വേദപുസ്തകം എന്തു പറയുന്നു എന്നു നാം അറിഞ്ഞിരിക്കണം. നമ്മുടെ സമുദായത്തിൽ പറയപ്പെടുന്ന കാര്യങ്ങളെയും, സംസ്കാരം പറയുന്ന കാര്യങ്ങളെയും സ്വീകരിച്ചുകൊണ്ടു അവ നമ്മുടെ കുടുംബജീവിതത്തെ ബാധിക്കുന്നതിനു നാം ഇടനൽകുന്നു. ഇങ്ങനെ തങ്ങളുടെ സ്വന്തമക്കളെ ദുഃഖത്തിലാക്കുന്ന ധാരാളം മാതാപിതാക്കൾ ഉണ്ടു. അതുപോലെതന്നെ തങ്ങളുടെ ഭാര്യമാരെ ദുഃഖിപ്പിക്കുന്ന അനേകം ഭർത്താക്കന്മാരും ഉണ്ട്; ഭർത്താക്കന്മാരെ ദുഃഖത്തിലാക്കുന്ന ഭാര്യമാരും ഉണ്ട്. കുഞ്ഞുങ്ങൾ ഇല്ലാത്ത കാരണം പറഞ്ഞു ഭർത്താവു ഭാര്യയെയും ഭാര്യ ഭർത്താവിനെയും കുറ്റം പറഞ്ഞിട്ടു യാതൊരു പ്രയോജനവുമില്ല.

**"മക്കൾ, യഹോവ നൽകുന്ന അവകാശം"** എന്നു വേദപുസ്തകം പഠിപ്പിക്കുന്നു. ആവ 28:11-ൽ **"നിനക്കു തരുമെന്നു യഹോവ നിന്നെ പിതാക്കന്മാരോടു സത്യം ചെയ്ത ദേശത്തു യഹോവ നിന്റെ നന്മയ്ക്കായി ഗർഭഫലത്തിലും കന്നുകാലികളുടെ ഫലത്തിലും നിന്റെ നിലത്തിലെ ഫലത്തിലും നിനക്കു സമൃദ്ധി നൽകും"** എന്നു കാണുന്നു. **"മക്കൾ, യഹോവ നൽകുന്ന അവകാശവും, ഉദരഫലം അവൻ തരുന്ന പ്രതിഫലവും തന്നെ"** എന്നു സങ്കീ 127:3 പറയുന്നു ദൈവം തന്റെ ഹിതപ്രകാരം, തന്റെ ദാനമായി മക്കളെ തരുന്നു എന്നു ഈ വചനങ്ങളിൽ നിന്നു വ്യക്തമാകുന്നു. എന്നാൽ കുഞ്ഞുങ്ങളില്ലാത്ത നിന്റെ എല്ലാ സാഹചര്യങ്ങളിലും ശാപമാണെന്നു വേദപുസ്തകം പഠിപ്പിക്കുന്നില്ല. ദൈവത്തിനു പ്രിയരായി നടന്നവർക്കു പോലും കുഞ്ഞുങ്ങൾ ഇല്ലാതിരുന്നു എന്ന കാര്യം നാം വേദപുസ്തകത്തിൽ കാണുന്നു.

ആവ 28:18-ൽ **''നിന്റെ ഗർഭഫലവും കൃഷിഫലവും കന്നുകാലികളുടെ പേറും ആടുകളുടെ പിറപ്പും ശപിക്കപ്പെട്ടിരിക്കും"** എന്നു ദൈവം പറയുന്നു. ഈ അദ്ധ്യായത്തിൽ അനുഗ്രഹത്തെപ്പറ്റിയും ശാപത്തിന്റെ വഴിയെപ്പറ്റി ദൈവം തന്റെ മക്കളെ അറിയിച്ചു അവർക്കു ഇമ്പമുള്ളതും തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം അവർക്കു നൽകുന്നു. ഈ വചനത്തിൽ ശാപത്തിന്റെ വഴിയിൽ ഗർഭഫലം ശപിക്കപ്പെട്ടിരിക്കുന്നു എന്നു പറയുന്നു. ഫലമില്ലാതിരിക്കും എന്നു പറഞ്ഞിട്ടില്ല. അതുകൊണ്ടു പാപം ചെയ്യുന്നവർക്ക് മക്കൾ ജനിക്കാം. മക്കൾ ജനിക്കുന്നതിനാൽ അവർ ദൈവത്തെ പ്രസാദിപ്പിച്ചു, ദൈവത്താൽ ആശിർവദിക്കപ്പെട്ടിരിക്കുന്നു എന്നു പറയാൻ സാദ്ധ്യമല്ല.

ആവ 28:32-ൽ "നിന്റെ പുത്രന്മാരും അന്യജാതിക്കു അടിമകളാകും; നിന്റെ ഇടവിടാതെ അവരെ നോക്കിയിരുന്നു ക്ഷീണിക്കും എങ്കിലും നിന്നാൽ ഒന്നും സാധിക്കയില്ല" എന്നു പറയുന്നു. മക്കൾ ജനിച്ചാലും അവർ ശപിക്കപ്പെട്ടിരിക്കും. അവർ അന്യജാതിക്കു അടിമകളാകും, എന്നു ഇതിൽ നിന്നു നാം മനസ്സിലാക്കുന്നു. ഇതു ശാപത്തിന്റെ വഴി. ഇനിയും ആവ 28:41-ൽ "നീ പുത്രന്മാരെയും പുത്രിമാരെയും ജനിപ്പിക്കും; എങ്കിലും അവർ നിനക്കു ഇരിക്കയില്ല; അവർ പ്രവാസത്തിലേക്കു പോകേണ്ടിവരും" എന്നു എഴുതിയിരിക്കുന്നു. ശാപത്തിന്റെ പാതയിൽ ഭാര്യയും ഭർത്താവും മക്കളില്ലാതെയിരിക്കുമെന്നു ദൈവം പറഞ്ഞില്ല. മക്കൾ ജനിച്ചാലും അവർ മാതാപിതാക്കൾക്കു സന്തോഷം തരികയില്ല; അവരോടു ജീവിക്കയില്ല; ശാപത്തിനുള്ളിലാകും എന്നു തന്നെ ദൈവം വചനത്തിൽ പറയുന്നു.

നമ്മുടെ സ്വന്തമക്കൾ വിവാഹിതരായി, കുഞ്ഞുങ്ങളില്ലാതിരിക്കയാണെങ്കിൽ അവരോടു സ്നേഹത്തോടും കരുതലോടും ഇടപെടുകയും പരിഹാസസംസാരം യാതൊന്നും പറയുകയും അരുത്. മക്കളില്ലാത്ത ദമ്പതികളെ കാണുമ്പോൾ അവരോടു താല്പര്യം കാണിക്കുന്ന വിധത്തിൽ ഇടപെടണം. മക്കളില്ലെന്നുള്ള വ്യസനത്തോടെ മനസ് വ്യണപ്പെട്ടിരിക്കുന്നവരെ ആശ്വസിപ്പിക്കുകയല്ലാതെ അവർക്കു മാനസിക മുറിവുണ്ടാക്കുന്ന രീതിയിൽ സംസാരിക്കാൻ പാടില്ല. അവരെ ന്യായം വിധിച്ചു അവരുടെ ശാപത്തിലാണു മക്കളില്ലാതെ പോയതെന്നു പറയാൻ പാടില്ല. ഹോശേയ 9:12-ൽ "അവർ മക്കളെ വളർത്തിയാലും ഞാൻ അവരെ ഒരുത്തനും ശേഷിക്കാതെവണ്ണം മക്കളില്ലാത്തവരാക്കും; ഞാൻ അവരെ വിട്ടുമാറിപ്പോകുമ്പോൾ അവർക്കു അയ്യോ കഷ്ടം" എന്നു ദൈവം പറയുന്നു. ദൈവത്തിനു ദ്രോഹം ചെയ്കയും ദൈവത്തെ വിട്ടുപിൻമാറിപ്പോയ തങ്ങളുടെ മക്കൾക്കു ദൈവം പറയുന്ന വാക്കുകളാണിവ. അവരുടെ മക്കൾ ശപിക്കപ്പെട്ടവരായിരിക്കും, അല്ലെങ്കിൽ അവർ മക്കളില്ലാത്തവരെപ്പോലിരിക്കും. ഈ വചനങ്ങൾ അനുസരിച്ചു മക്കളില്ലാത്ത നില ശാപത്തിന്റെ ഫലം എന്നു നാം തീർപ്പുകല്പിക്കാൻ പാടില്ല. തിന്മ ചെയ്യുന്നവർക്കും ദൈവഭയമില്ലാത്തവരായി ജീവിക്കുന്നവർക്കും മക്കൾ ഉണ്ടാകാം. എന്നാൽ, ആ കുഞ്ഞുങ്ങൾ അനുഗ്രഹിക്കപ്പെട്ടവനായിരിക്കയില്ല. ആ മക്കൾ തങ്ങളുടെ മാതാപിതാക്കൾക്കു സന്തോഷം കൊടുക്കയില്ല.

ചില സമയങ്ങളിൽ ദൈവത്തിന്റെ ന്യായവിധി മുഖാന്തിരം ഗർഭം അടയ്ക്കപ്പെട്ടേക്കാം. ഉല് 20:17,18-ൽ "അബ്രഹാം ദൈവത്തോടു അപേക്ഷിച്ചു; അപ്പോൾ ദൈവം അബീമേലെക്കിനെയും അവന്റെ ഭാര്യയെയും അവന്റെ ദാസിമാരെയും സൗഖ്യമാക്കി, അവർ പ്രസവിച്ചു. അബ്രഹാമിന്റെ ഭാര്യയായ സാറയുടെ നിമിത്തം യഹോവ അബീമേലെക്കിന്റെ ഭവനത്തിലെ ഗർഭം ഒക്കെയും അടച്ചിരുന്നു" എന്നു വായിക്കുന്നു. അബിമേലെക്കു ചെയ്ത തെറ്റായ പ്രവൃത്തിക്കായി അവന്റെ കുടുംബത്തിലെ സ്ത്രീകളുടെ ഗർഭം ദൈവം അടെച്ചു. എന്നാൽ മക്കളില്ലാത്ത എല്ലാ ദമ്പതികളുടെ ജീവിതത്തിലും ഇങ്ങനെ തന്നെ എന്നു നമുക്കു തീർത്തു പറയുക സാധ്യമല്ല.

സാറയ്ക്കു യിസഹാക്കു ജനിച്ചതു ഒരു അത്ഭുതം. ഉല് 18:11, 12-ൽ "അബ്രഹാമും സാറയും വയസുചെന്നു വൃദ്ധരായിരുന്നു. സ്ത്രീകൾക്കുള്ള പതിവു സാറാക്കു നിന്നുപോയിരുന്നു. ആകയാൽ സാറ ഉള്ളുകൊണ്ടു ചിരിച്ചു; വൃദ്ധയായിരിക്കുന്ന എനിക്കു സുഖഭോഗമുണ്ടാകുമോ? എന്റെ ഭർത്താവും വൃദ്ധനായിരിക്കുന്നു" എന്നു എഴുതിയിരിക്കുന്നു. തുടർന്നു 14-ാം വചനത്തിൽ "യഹോവയാൽ കഴിയാത്ത കാര്യമുണ്ടോ? ഒരു ആണ്ടു കഴിഞ്ഞിട്ടു ഈ സമയമാകുമ്പോൾ ഞാൻ നിന്റെ അടുക്കൽ മടങ്ങിവരും; സാറയ്ക്കു ഒരു മകൻ ഉണ്ടാകും" എന്നു കർത്താവു പറഞ്ഞു.

ഇപ്രകാരം മലടിയായിരുന്ന സാറയ്ക്കു ദൈവത്തിന്റെ അത്ഭുതത്താൽ കുഞ്ഞു ലഭിച്ചു. എന്നാൽ സാറ വയസായശേഷമായിരുന്നു യിസഹാക്കു ജനിച്ചത്. അതുവരെ സാറ മലടിയായിരുന്നതിനു അവളുടെ പാപമോ അല്ലെങ്കിൽ അബ്രഹാമിന്റെ പാപമോ കാരണമായിരുന്നു എന്നു നമുക്കു പറയാൻ സാദ്ധ്യമല്ല. ദൈവപദ്ധതി അനുസരിച്ചു എല്ലാം നടന്നു. മക്കളില്ലാത്ത നിലയും ദൈവകരത്തിൽ തന്നെയാണിരിക്കുന്നത്.

1 ശമു 1:2–ൽ "എല്ക്കാനെക്കു രണ്ടു ഭാര്യമാർ ഉണ്ടായിരുന്നു. ഒരുത്തിക്കു ഹന്നാ എന്നും മറ്റവൾക്കു പെനിനാ എന്നും പേർ; പെനിനക്കു മക്കൾ ഉണ്ടായിരുന്നു; ഹന്നെക്കോ മക്കൾ ഇല്ലായിരുന്നു" എന്നു നാം വായിക്കുന്നു. എന്നാൽ പെനിനാ ദൈവത്തിനു പ്രിയമായവൾ എന്നോ, ഹന്നാ ദൈവത്തിനു പ്രിയമില്ലാത്തവൾ എന്നോ നാം വായിക്കുന്നില്ല. 5, 6 വചനങ്ങളിൽ "ഭർത്താവു ഹന്നയെ സ്നേഹിക്കക്കൊണ്ടു ഇരട്ടി ഓഹരികൊടുക്കും. ദൈവം അവളുടെ ഗർഭം അടെച്ചിരുന്നു. യഹോവ അവളുടെ ഗർഭം അടച്ചിരുന്നതിനാൽ അവളുടെ പ്രതിയോഗി അവളെ വ്യസനിപ്പിപ്പാൻ തക്കവണ്ണം വളരെ മുഷിപ്പിച്ചു" എന്നു കാണുന്നു. ദൈവം ഹന്നയുടെ ഗർഭത്തെ അടച്ചിരുന്നു എന്നു മാത്രം പറഞ്ഞിരിക്കുന്നു. അവളുടെ ഗർഭം അടച്ചിരുന്നത് ദൈവം അവളോടു കോപിച്ചിട്ടാണെന്നു പറഞ്ഞിട്ടില്ല. ഗർഭത്തിനു അധികാരിയായി ദൈവം ഉണ്ടെന്നുള്ളതു വേദപുസ്തകം പഠിപ്പിക്കുന്ന സത്യം. എന്നാൽ എല്ലാ സന്ദർഭങ്ങളിലും ദൈവം ഗർഭം അടയ്ക്കുമ്പോൾ അങ്ങനെ ചെയ്യുന്നതു ന്യായവിധിക്കായിട്ടാണെന്നു വേദപുസ്തകം പഠിപ്പിക്കുന്നില്ല. ഹന്നയുടെ ഗർഭം അടെച്ചിരുന്ന ദൈവം, അവളുടെ അപേക്ഷയനുസരിച്ചു ഗർഭം തുറന്നു എന്നു വേദപുസ്തകം പറയുന്നു. ലൂക്കോ 1:36–ൽ "നിന്റെ ചാർച്ചക്കാരത്തി എലിശബെത്തും വാർദ്ധകൃത്തിൽ ഒരു മകനെ ഗർഭം ധരിച്ചിരിക്കുന്നു; മച്ചി എന്നു പറഞ്ഞുവന്നവൾക്കു ഇതു ആറാം മാസം" എന്നു പറഞ്ഞിരിക്കുന്നു. അവളെ മച്ചി എന്നു മറ്റുള്ളവർ വിളിച്ചു. അവളും തന്റെ നിന്ദയെക്കുറിച്ചു പറയുന്നു. ലൂക്കോ 1:24,25–ൽ "ആ നാളുകൾ കഴിഞ്ഞിട്ടു അവന്റെ ഭാര്യ എലിശബെത്ത് ഗർഭം ധരിച്ചു; മനുഷ്യരുടെ ഇടയിൽ എനിക്കുണ്ടായിരുന്ന നിന്ദ നീക്കുവാൻ കർത്താവു എന്നെ കടാക്ഷിച്ച നാളിൽ ഇങ്ങനെ എനിക്കു ചെയ്തു തന്നിരിക്കുന്നു എന്നു പറഞ്ഞു അഞ്ചുമാസം ഒളിച്ചു പാർത്തു" എന്നു വായിക്കുന്നു. അവളുടെ പാപം അല്ലെങ്കിൽ അവളുടെ ഭർത്താവന്റെ പാപം എന്നു ഇവിടെ പറഞ്ഞിട്ടില്ല. ലൂക്കോ 1:6–ൽ "ഇരുവരും (സെഖര്യാവും എലിശബെത്തും) ദൈവസന്നിധിയിൽ നീതിയുള്ളവരും കർത്താവിന്റെ സകല കല്പനകളിലും ന്യായങ്ങളിലും കുറ്റമില്ലാത്തവരായി നടക്കുന്നവരും ആയിരുന്നു" എന്നു എഴുതിയിരിക്കുന്നു. എലിശബെത്തു മച്ചിയായിരുന്നതുകൊണ്ടു അവർക്കു കുഞ്ഞില്ലാതിരുന്നു; ഇരുവരും വയസ്സുചെന്നവരായും ഇരുന്നു. ലൂക്കോ 2:36–ൽ ഹന്നയെക്കുറിച്ചു കാണുന്നു."ആശേർഗോത്രത്തിൽ ഫനൂവേലിന്റെ മകളായ ഹന്നാ എന്നൊരു പ്രവാചകി ഉണ്ടാ യിരുന്നു. അവൾ കന്യാകാലത്തിൽ പിന്നെ ഭർത്താവിനോടുകൂടെ ഏഴു സംവത്സരം കഴിച്ചു" എന്നാൽ അവൾക്കു കുഞ്ഞുങ്ങൾ ഉണ്ടായിരുന്നതായി നാം വായിക്കുന്നില്ല. അവളരെ ദൈവം ന്യായം വിധിച്ചതുകൊണ്ടാണു ഇപ്രകാരം ഇരുന്നതെന്നും ഇവിടെ പറഞ്ഞിട്ടില്ല. ദൈവാലയം വിട്ടുപിരിയാതെ ഉപവാസത്തോടും പ്രാർത്ഥനയോടും കൂടെ അവൾ രാവും പകലും ആരാധന ചെയ്തു പോന്നു. അകില്ലാ, പ്രസ്കില്ലാ ദമ്പതികൾക്കും കുഞ്ഞുണ്ടായിരുന്നില്ല എന്നു വേദപുസകത്തിൽ നിന്നു നമുക്കു മനസ്സിലാക്കാം. അവരുടെ മക്കളെപ്പറ്റി ഒന്നും പറഞ്ഞിട്ടില്ല. എന്നാലും അവർ രണ്ടുപേരും ചേർന്നു ഐക്യമായും സന്തോഷമായും ദൈവവേല ചെയ്തു എന്നു നാം കാണുന്നു.

മാതാപിതാക്കൾ ലാളിച്ചു വളർത്തിയ മക്കളുടെ വിവാഹം കഴിഞ്ഞു മൂന്നു വർഷമായിട്ടും കുഞ്ഞു ജനിച്ചില്ല. ഇതു മാതാപിതാക്കൾക്കു വലിയ മനഃപ്രയാസം ഉണ്ടാക്കി. മറ്റുള്ളവർ എന്തു പറയുമെന്നുള്ള ഭയം അവരെ ബലമായി പിടിച്ചിരുന്നു. നമ്മുടെ സമുദായത്തിൽ വിവാഹം കഴിഞ്ഞ് എത്രയും വേഗം കുഞ്ഞു ജനിച്ചില്ലെങ്കിൽ ഏതോ കുറവു സംഭവിച്ചു എന്നു ഭർത്താവും ഭാര്യയും അവരുടെ മാതാപിതാക്കളും കരുതുന്നതും സ്വഭാവികമാണ്. അതിനെപ്പറ്റി കുടുംബക്കാരും ബന്ധുക്കളും നിങ്ങളെ കളിയാക്കി സംസാരിക്കുന്നതും സാധാരണയായി നാം കാണുന്ന സംഭവങ്ങൾ ആകുന്നു. ഇതു സംബന്ധിച്ചു വേദപുസ്തകം എന്തു പറയുന്നു എന്നറിഞ്ഞു ദൈവഹിത വെളിച്ചത്തിൽ ഇതു നോക്കാം.

തങ്ങളുടെ മക്കൾക്കു കുഞ്ഞുങ്ങളിലല്ലോ എന്നു പറഞ്ഞു മാതാപിതാക്കൾ ചഞ്ചലരായി തങ്ങളെ വൃണപ്പെടുത്താൻ പാടില്ല. അതുപോലെ തന്നെ ഭർത്താവും ഭാര്യയും തങ്ങളുടെ ജീവിതത്തിൽ സ്നേഹവും, സന്തോശവും നശിപ്പിച്ചു കളയരുത്. കുഞ്ഞുങ്ങളില്ലാത്ത നിലവരുമ്പോൾ മാതാപിതാക്കൾ തങ്ങളുടെ മരുമകളെയോ മരുമകനെയോ നീക്കാൻ ആരംഭിക്കുന്നു. അതുമുഖാന്തിരം ഭർത്താവും ഭാര്യയും പരസ്പരം കുറ്റം പറയാൻ ആരംഭിക്കുന്നു. ഇതിനാൽ എത്രത്തോളം ദുഃഖവും, വേർപാടുകളും, കുടുംബകലഹങ്ങളും ഉണ്ടാകുന്നു. കുഞ്ഞുങ്ങളില്ലാത്ത നില ഒരു വലിയ കളങ്കമെന്നോ അല്ലെങ്കിൽ ശാപമെന്നോ, കണക്കാക്കാൻ പാടില്ല. വിവാഹത്തിനുശേഷം കുഞ്ഞു ജനിച്ചില്ലെങ്കിൽ വിവാഹത്തിൽ ഏതോ കുറവും സംഭവിച്ചെന്നു കരുതാൻ പാടില്ല.

വിവാഹത്തിന്റെ ലക്ഷ്യം കുഞ്ഞു ജനിക്കുന്നതാണെന്നു വേദപുസ്തകം പഠിപ്പിക്കുന്നില്ല. ഇല് 2:18-ൽ മനുഷ്യൻ ഏകനായിരിക്കുന്നതു നന്നല്ല; ഞാൻ അവന്നു തക്കതായൊരു തുണ ഉണ്ടാക്കിക്കൊടുക്കുമെന്നു ദൈവം അരുളിച്ചെയ്തു. വിവാഹം എന്ന ജീവിതത്തിലെ ഏകാന്തത മാറ്റി തുണ നൽകുന്നതിനു കൊടുക്കപ്പെട്ടതെന്നു വേദപുസ്തകം പഠിപ്പിക്കുന്നു. കുഞ്ഞുങ്ങൾ ഒരു ഭാഗ്യമായി കൊടുക്കപ്പെട്ടതാണെന്നു സത്യം തന്നെ. എന്നാൽ കുഞ്ഞുങ്ങൾ ഉണ്ടാകുന്നതാണു വിവാഹത്തിന്റെ മുഖ്യമായ ലക്ഷ്യമെന്നും കുഞ്ഞുങ്ങൾ ജനിച്ചില്ലെങ്കിൽ വിവാഹജീവിതം കുറവുള്ളതായിത്തീർന്നെന്നു നാം കരുതാൻ പാടില്ല. തങ്ങൾക്കു ഏതോ കുറവു സംഭവിച്ചു, ജീവിതത്തിൽ തങ്ങളിൽ കളങ്കമുണ്ടായി എന്നു ഭർത്താവു ചിന്തിക്കാൻ പാടില്ല, ഭാര്യയും അപ്രകാരം ചിന്തിക്കാൻ പാടില്ല. രണ്ടുപേരും ഈ വിഷയത്തിൽ പരസ്പരം കുറ്റം പറയാൻ പാടില്ല. തങ്ങളുടെ സ്നേഹവും ഐക്യതയോടെയുള്ള സന്തോഷവും നശിച്ചുപോകാൻ ഇടകൊടുക്കരുത്. ഭാര്യെ കുഞ്ഞു പ്രസവിക്കാനുള്ള യന്ത്രമായി ഭർത്താവോ, ഭർത്താവിന്റെ കുടുംബക്കാരോ കരുതിയാൽ അതു തെറ്റ്.

നമ്മുടെ പേരും കുടുംബത്തിന്റെ പ്രശസ്തിയും കാത്തു സൂക്ഷിക്കുക തന്നെ വേണം. നമ്മുടെ സ്വത്തുക്കൾക്കു അവകാശം ഉണ്ടായിരിക്കും, അതിനായി കുഞ്ഞു ആവശ്യം തന്നെ. അതിനു വേണ്ടിയാണു വിവാഹം കഴിക്കണമെന്നുള്ള ആശയം നമ്മുടെ സമുദായത്തിൽ ഉള്ളതു. എന്നാൽ വേദപുസ്തകം അങ്ങനെ പഠിപ്പിക്കുന്നില്ല. നമ്മുടെ ജീവിതത്തിൽ തുണയായി ഭാര്യയെയോ ഭർത്താവിനെയോ ദൈവം തരുന്നു. ആ ബന്ധത്തിൽ മക്കളെ ദൈവത്തിന്റെ ദാനമായും ആശീർവാദമായും തരുന്നു. എന്നാൽ കുഞ്ഞുങ്ങൾ ജനിച്ചില്ലെങ്കിൽ വിവാഹ കളങ്കപ്പെട്ടുപോയി എന്നു ദൈവം പറഞ്ഞിട്ടില്ല. ചില സന്ദർഭങ്ങളിൽ കുഞ്ഞു ജനിച്ചില്ലെങ്കിൽ ഭർത്താവു ഭാര്യയെ ഉപദ്രവിക്കുക, അമ്മാവനെയും അമ്മായിയും ചേർന്നു മരുമക്കളെ

ഉപദ്രവിക്കുക, അതുപോരെങ്കിൽ ആ മരുമക്കളെ എങ്ങനെയെങ്കിലും ഒഴിവാക്കി തങ്ങളുടെ മകനു മറ്റൊരു ഭാര്യയെ തേടാം എന്നു കരുതുന്നതു ദൈവത്തിനു വിരോധമായ പാപം.

കുഞ്ഞുങ്ങളില്ലാത്ത ഭർത്താവും ഭാര്യയും ഡോക്ടറെ സമീപിച്ചു പരിശോധന നടത്തുന്നു. ഡോക്ടർ പരിശോധിച്ചശേഷം കുഞ്ഞു ജനിക്കാത്തതിനു ഭാര്യ അല്ലെങ്കിൽ ഭർത്താവാണു കാരണം എന്നു പറഞ്ഞേക്കാം, അതനുസരിച്ചുള്ള ചികിത്സയും ചെയ്തേക്കാം. ആ പരിശ്രമം തെറ്റല്ല. അങ്ങനെയെല്ലാം ചെയ്തശേഷം കുഞ്ഞു ജനിച്ചില്ല. ദൈവം കൊടുത്ത വാഗ്ദത്തം നിറവേറിയില്ല. എന്തുകൊണ്ടെന്ന ചോദ്യത്തിനു വേദപുസ്തകത്തിൽ മറുപടി കാണാൻ സാധ്യമല്ല. എന്നാൽ ദൈവത്തിന്റെ തക്കസമയങ്ങളിൽ അബ്രഹാമിനും സാറയ്ക്കും ഇസഹാക്കിനെ നൽകി. സെഖര്യാവും എലിശബെത്തും ദൈവത്തിനു പ്രിയരായി ജീവിച്ചു. എന്നാൽ വയസു ചെന്നിട്ടും എലിശബെത്തിനു കുഞ്ഞില്ല. അതു എന്തെന്ന ചോദ്യത്തിനു വേദപുസ്തകത്തിൽ മറുപടി ഇല്ല.

ചില സമയങ്ങളിൽ അത് എന്തുകൊണ്ടെന്നു നമുക്ക് അറിയാൻ സാധിക്കും. ഭർത്താവും ഭാര്യയും വളരെ പ്രായമായശേഷം, അതായതു കുഞ്ഞു ജനിക്കാവുന്ന പ്രായം കഴിഞ്ഞശേഷം വിവാഹിതരായാൽ അവർക്കു കുഞ്ഞുണ്ടാകാതിരുന്നേക്കാം. താമസിച്ചു വിവാഹിതരാകുന്നവർ അതു സമ്മതിക്കുകയും സ്വീകരിക്കുകയും വേണം. അപ്രകാരമുള്ളവരുടെ ജീവിതത്തിൽ പോലും അത്ഭുതം ചെയ്യുന്ന ദൈവം കുഞ്ഞുങ്ങൾ നൽകിയിട്ടുണ്ട്. വയസു ചെന്ന സാറയ്ക്കു പോലും വിവാഹം കഴിഞ്ഞു അനേകവർഷങ്ങളായിട്ടും യിസഹാക്കിനെ ദൈവം അവർക്കു കൊടുത്തു.

ചിലർക്കു അവരുടെ ശരീരത്തിലുള്ള ഏതെങ്കിലും കുറവു നിമിത്തം കുഞ്ഞുങ്ങൾ ഇല്ലാതിരുന്നേക്കാം. ഇതു ഒരുപക്ഷെ ഭർത്താവിന്റെ ശരീരത്തിലെ തകരാറാകാം, അല്ലെങ്കിൽ ഭാര്യയുടെ ശരീരത്തിലെ തകരാറു നിമിത്തമാകാം. കുഞ്ഞു ജനിക്കാത്ത കാരണത്തിനു ഭാര്യ മാത്രമാണു കാരണക്കാരി എന്നു കരുതി ഭാര്യയെ ഭർത്താവോ ഭർത്താവിന്റെ മാതാപിതാക്കളോ കുറ്റപ്പെടുത്താൻ പാടില്ല. കുഞ്ഞു ജനിക്കാത്തതിനു ഒരുപക്ഷെ ഭർത്താവ് കാരണമായേക്കാം. ലൂക്കോ 1:7-ൽ എലീശബെത്ത് മച്ചിയാകകൊണ്ടു അവർക്കു സന്തതി ഇല്ലാഞ്ഞു; ഇരുവരും വയസ്സു ചെന്നവരും ആയിരുന്നു എന്നു എഴുതിയിരിക്കുന്നു. എലീശബെത്ത് മച്ചിയായി അല്ലെങ്കിൽ കുഞ്ഞു ജനിക്കുന്നതിനു ശാരീരിക പക്വതയില്ലാത്ത നിലയിൽ ആയിരുന്നതുകൊണ്ടു അവർക്കു കുഞ്ഞുങ്ങൾ ജനിച്ചില്ല എന്നു ഇതിൽ നിന്നും നമുക്കു അറിയാൻ സാധിക്കുന്നു.

ചില സമയങ്ങളിൽ ദൈവം ഗർഭം അടച്ചിരുന്നാൽ കുഞ്ഞു ജനിക്കാതെയിരിക്കും. ദൈവം ഗർഭത്തെ അടച്ചു എന്നു പറയുമ്പോൾ അവൻ ശിക്ഷയായി അങ്ങനെ ചെയ്തു എന്നു നമുക്കു അധികാരത്തിൻ കീഴിൽ ഇരിക്കുന്നു എന്ന സത്യമാണു അതുമുഖാന്തിരം എടുത്തു കാണിക്കപ്പെടുന്നത്. ഇതു ഹന്നയുടെ അനുഭവത്തിൽ നാം കാണുന്നു. 1 ശമൂ 1:5-ൽ "ഹന്നെക്കോ അവൻ (എൽക്കാന) ഹന്നയെ സ്നേഹിക്ക കൊണ്ടു ഇരട്ടി ഓഹരി കൊടുക്കും. എന്നാൽ യഹോവ അവളുടെ ഗർഭം അടച്ചിരുന്നു" എന്നു കാണുന്നു. ഇവിടെ ഇരുവരും പാപം ചെയ്തവരാണെന്നു വേദപുസ്തകം പറയുന്നില്ല. കുഞ്ഞില്ലാത്ത നിലയെ കർത്താവു തന്റെ അധികാര പരിധിക്കുള്ളിൽ വച്ചിരുന്നു എന്നു ഇതിൽ നിന്നു നമുക്കു അറിയാൻ സാധിക്കുന്നു. അതുകൊണ്ടു കുഞ്ഞില്ലാത്തതിന്റെ കാരണം എന്താണെന്നന്വേഷിച്ചു നാം നമ്മെത്തന്നെ അലട്ടാൻ പാടില്ല. കുഞ്ഞില്ലാത്തതെന്നതു നിന്ദിക്കപ്പെടാവുന്നതല്ല. ഇതു അന്നുള്ള സമുദായത്തിൽ കണ്ടിരുന്നു; ഇന്നു നമ്മുടെ സമുദായത്തിലും കാണുന്നു. കുഞ്ഞില്ലെങ്കിൽ കുടുംബക്കാരും ബന്ധുക്കളും നിന്ദിക്കുന്നു. സമുദായത്തിലും മച്ചിയായ സ്ത്രീക്കു അധിക നിന്ദയുണ്ട്. "യഹോവ അവളുടെ

ഗർഭം അടെച്ചിരുന്നതിനാൽ അവളുടെ പ്രതിയോഗി അവളെ വ്യസിനിപ്പിപ്പാൻ തക്കവണ്ണം വളരെ മുഷിപ്പിച്ചു (1 ശമു 1:6). ഒരു സ്ത്രീക്കു കുഞ്ഞില്ലെങ്കിൽ അവളുടെ ഭർത്താവിന്റെ സഹോദരികളും ഭർത്താവിന്റെ മാതാപിതാക്കളും അല്ലെങ്കിൽ അവളുടെ തന്നെ സ്വന്ത സഹോദരികൾ അവളെക്കുറിച്ചു മോശമായി സംസാരിക്കുന്നതു നാം കാണാറുണ്ട്. **അങ്ങനെയുള്ള സാഹചര്യത്തിലാണ് നീ ഇന്നു ജീവിച്ചുകൊണ്ടിരിക്കുന്നതെങ്കിൽ നീ ദൈവത്തിൽ നിന്നെ ആശ്വസിപ്പിച്ചുകൊള്ളണം,** അതു നിന്നെ ബാധിക്കുന്നതിനു ഇടം കൊടുക്കാൻ പാടില്ല. ദൈവത്തിനു പ്രിയമല്ലാത്ത കാര്യങ്ങളിൽ നീ ഇടപെടാൻ പാടില്ല. "അവളുടെ ഭർത്താവായ എല്ക്കാനാ അവളോടു: ഹന്നേ, നീ എന്തിനു കരയുന്നു? എന്തിനു പട്ടിണി കിടക്കുന്നു? നീ വ്യസനിക്കുന്നതു എന്ത്? ഞാൻ നിനക്കു പത്തു പുത്രന്മാരേക്കാൾ നന്നല്ലയോ എന്നു പറഞ്ഞു" (1 ശമു 1:8). ഭർത്താവായ എല്ക്കാനാ തന്റെ ഭാര്യ, തനിക്കു കുഞ്ഞില്ലെന്നുള്ള നില സ്വീകരിക്കുന്നതിനു അവളെ പ്രോത്സാഹിപ്പിക്കുന്നു. **അങ്ങനെ തന്നെയാണു ഭർത്താക്കന്മാർ ചെയ്യേണ്ടതു**. കുഞ്ഞില്ലെന്ന കാരണത്താൽ ഭാര്യയെ ഉപദ്രവിക്കരുത്. അവളെ ഉപേക്ഷിക്കണം എന്നു ചിന്തിക്കാനേ പാടില്ല. അങ്ങനെ ചെയ്താൽ അതു ദൈവത്തിനു വിരോധമായ ദ്രോഹം, വിവാഹ ഉടമ്പടിക്കു വിരോധമായ ദ്രോഹം, ഭാര്യയെ ആദരിക്കുകയും അവളെ ഉത്സാഹപ്പെടുത്തുകയും വേണം. ഹന്ന എന്തു ചെയ്തു എന്നു 1 ശമു 1:7-ൽ കാണുന്നു "അവൾ യഹോവയുടെ ആലയത്തിലേക്ക് പോകുന്ന സമയത്തൊക്കെയും ആണ്ടുതോറും അവൾ അങ്ങനെ ചെയ്തു പോന്നു. അവൾ അവളെ മുഷിപ്പിച്ചതുകൊണ്ടു അവൾ കരഞ്ഞു. പട്ടിണി കിടന്നു." ഹന്ന ഭക്ഷിക്കാതെ ദുഃഖത്തോടു കരഞ്ഞുകൊണ്ടിരുന്നു. ദൈവലായത്തിലേക്കു പോകുമ്പോൾ "അവൾ മനോവ്യസനത്തോടെ യഹോവയോടു പ്രാർത്ഥിച്ചു വളരെ കരഞ്ഞു. അവൾ ഒരു നേർച്ച നേർന്നു; സൈന്യങ്ങളുടെ യഹോവേ, അടിയന്റെ സങ്കടം നോക്കി അടിയനെ ഓർക്കയും അടിയനെ മറക്കാതെ ഒരു പുരുഷസന്താനത്തെ നൽകുകയും ചെയ്താൽ അടിയൻ അവനെ അവന്റെ ജീവപര്യന്തം യഹോവയ്ക്കു കൊടുക്കും...." എന്നു പറഞ്ഞു പ്രാർത്ഥിച്ചു (1 ശമു 1:10, 11). "ഹന്ന ഹൃദയം കൊണ്ടു സംസാരിച്ചതിനാൽ അവളുടെ അധരം അനങ്ങിയതല്ലാതെ ശബ്ദം കേൾപ്പാനില്ലായിരുന്നു" (1 ശമു 1:13). മനോവ്യസനത്തോടും ഭയത്തോടും ഹന്ന തന്റെ മനസ്സിനെ ദൈവസന്നിധിയിൽ സമർപ്പിച്ചു. അതുകൊണ്ടു ഇങ്ങനെയുള്ളവർക്ക് കുഞ്ഞില്ലെന്നു പറഞ്ഞു മനസ്സിനെ അലട്ടാതെ ദൈവത്തോടു പറയണം, വിശ്വസ്തരായ മറ്റു വിശ്വാസികളോടും പ്രാർത്ഥിക്കാനായി അപേക്ഷിക്കാം. അങ്ങനെ പ്രാർത്ഥിച്ചശേഷവും കുഞ്ഞു ജനിച്ചില്ലെങ്കിൽ പൂർണ്ണമായി നമ്മെ ദൈവകരങ്ങളിൽ ഏല്പിച്ചു അതു സ്വീകരിക്കണം. കുഞ്ഞില്ലാത്ത ദമ്പതികൾ ഡോക്ടറെ സമീപിച്ചു തങ്ങളെ പരിശോധിപ്പിക്കാം. ഭർത്താവിന്റെ ശരീരത്തിലുള്ള കുറവു മുഖാന്തിരമാണു കുഞ്ഞു ജനിക്കാത്തതെങ്കിൽ അതിനെ ചികിത്സിച്ചു ശരിയാക്കാം, അതു തെറ്റല്ല. അങ്ങനെ രണ്ടുപേരും ശരീരത്തിലും യാതൊരു കുറവുമില്ലെന്നു കണ്ടശേഷവും കുഞ്ഞു ലഭിച്ചില്ലെങ്കിൽ അതെന്താണെന്നു ചോദ്യം ഉന്നയിച്ചു നാം നമ്മെ അലട്ടാൻ പാടില്ല.

നിന്റെ ജീവിതത്തിൽ കുഞ്ഞില്ലാത്തതിനാൽ നിന്ദയ്ക്കും മോശമായ സംസാരത്തിനും നീ അകപ്പെട്ടുപോയെങ്കിൽ, അതിനെ ദൈവസന്നിധിയിൽ പറയുക, അവന്റെ മുമ്പാകെ നിന്റെ ഹൃദയത്തെ പകരുക. നിന്റെ പ്രാർത്ഥനയ്ക്കു പ്രതിഫലമായി ദൈവം നിനക്കു കുഞ്ഞു തന്നേക്കാം. ദൈവത്താൽ അസാദ്ധ്യമായതൊന്നും ഇല്ല. വിശ്വാസത്തോടെ ദൈവത്തിൽ പൂർണ്ണമായി സമർപ്പിച്ചു ദൈവനാമമഹത്വത്തിനായി കുഞ്ഞു നൽകണമെന്നു അപേക്ഷിക്കുക. അത്ഭുതങ്ങളുടെ ദൈവം

കുഞ്ഞു നൽകുമെങ്കിൽ ആ കുഞ്ഞിനെ ദൈവത്തിനു തന്നെ സമർപ്പിച്ചു ദൈവനാമത്തിനായി വളർത്തുമെന്നു പറഞ്ഞു പ്രാർത്ഥിക്കുക. അങ്ങനെ പ്രാർത്ഥിച്ചശേഷവും കുഞ്ഞു ജനിച്ചില്ലെങ്കിൽ വിശ്വാസത്തിന്റെ തകരാറു അല്ലെങ്കിൽ നമ്മുടെ ജീവിതത്തിലെ ഏതോ കുറവെന്നു കരുതാൻ പാടില്ല. നമ്മുടെ ഭാവികാലം ദൈവത്തിനറിയാം. അതുകൊണ്ടു ദൈവപദ്ധതി നമുക്കു നന്മയായിരിക്കുമെന്നു വിശ്വസിച്ചു, നമ്മെ പൂർണ്ണമായി ദൈവകരങ്ങളിൽ സമർപ്പിച്ചു ദൈവവേല ചെയ്യുന്നതിലും ദൈവനാമത്തിൽ മറ്റുള്ളവരുടെ കണ്ണീർ തുടയ്ക്കുന്നതിലും നാം ശ്രദ്ധിച്ചിരിക്കണം.

ഏതാണു നമുക്കു നല്ലത്, നമ്മുടെ ജീവിതത്തിനു യോജിച്ച വഴി ഏത് എന്നറിഞ്ഞിരിക്കുന്ന ദൈവം നമുക്ക് നന്മയായത് നൽകാതിരിക്കുമോ? സങ്കീ 84:11–ൽ "യഹോവയായ ദൈവം സൂര്യനും പരിചയും ആകുന്നു; യഹോവ കൃപയും മഹത്വവും നൽകുന്നു; നേരോടോ നടക്കുന്നവർക്കു അവൻ ഒരു നന്മയും മുടക്കുകയില്ല" എന്നുള്ള വാഗ്ദത്തം നാം കാണുന്നു. നീ അവന്റെ വഴികളിൽ നടന്നു, അവനെ ബഹുമാനിക്കുമ്പോൾ, ദൈവം നിനക്കു കുഞ്ഞില്ലെന്നുള്ള കുറവു കണ്ടു അതിനെ തീർക്കാതിരിക്കുമോ? അങ്ങനെ ദൈവം തീർത്തില്ലെങ്കിൽ ഏതോ ഒരു ഉദ്ദേശ്യത്തിനായി അങ്ങനെ ചെയ്യുന്നു. അതു പൂർണ്ണമായി സ്വീകരിക്കണം. "യഹോവ നന്മ നൽകുകയും നമ്മുടെ ദേശം വിളതരികയും ചെയ്യും" (സങ്കീ 85:12). നമുക്കു നന്മയായതു ദൈവം നിശ്ചയമായി തരും, അവൻ തന്നില്ലെങ്കിൽ ഓതോ ഒരു ഉദ്ദേശ്യത്തിനായി തരാതിരിക്കുന്നു എന്നു നാം അറിഞ്ഞു അതു അംഗീകരിക്കണം.

## കുഞ്ഞില്ലാത്തവർക്കു ജാമക്കാരന്റെ ഒരു നല്ല ആലോചന

അനാഥകളായി ദാരിദ്ര്യത്തിലും കഷ്ടതയിലും ജനിച്ച കുഞ്ഞുങ്ങളെ ദത്തെടുത്തു സ്വന്ത കുഞ്ഞുങ്ങളായി സ്വീകരിക്കുന്നതിനു ദൈവം വഴി നടത്തിയേക്കാം. ഭർത്താവും ഭാര്യയും ക്രിസ്തുവിന്റെ നാമത്തിൽ മറ്റു മനുഷ്യരുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിൽ തൃപ്തരായേക്കാം. ദൈവവേലക്കായി തങ്ങളെ ഏല്പിച്ചു തങ്ങൾക്കു മക്കളില്ലാത്ത നിലയിലും പൂർണ്ണമായി ദൈവത്തിനായി പ്രവർത്തിക്കുന്ന ജനങ്ങളുണ്ട്. ലൂക്കോ 2:36–ൽ വിധവയായ ഹന്നാ അവൾ കന്യാകാലത്തിൽ പിന്നെ ഭർത്താവിനോടു കൂടെ ഏഴു സംവത്സരം കഴിച്ചു എന്നു കാണുന്നു. കുഞ്ഞുങ്ങളുണ്ടായിരുന്നതായി നാം വായിക്കുന്നില്ല. എന്നാൽ ദൈവാലയം വിട്ടുപിരിയാതെ ഉപവാസത്തോടും പ്രാർത്ഥനയോടും കൂടെ രാവും പകലും ആരാധന ചെയ്തു പോന്നു. അവളുടെ ജീവിതം ഇപ്രകാരം നിറവുള്ള ജീവിതമായിരുന്നു. അക്വിലാസ്, പ്രിസ്കില്ല എന്നീ ദമ്പതികളെ നമുക്കു നോക്കാം. അ.പ്ര.18:1–3, 24–26 ലും റോമർ 16:3–5ലും 1 കൊരി 16:19, 20–ലും 2 തിമെ 4:19ലും അവരെപ്പറ്റി നാം വായിക്കുന്നു. അവർക്കു കുഞ്ഞുങ്ങൾ ഉണ്ടായിരുന്നതായി നാം വായിക്കുന്നില്ല. എന്നാൽ ഇരുവരും തങ്ങളുടെ വീടിനെ ദൈവത്തിനായി തുറന്നു കൊടുത്തിരുന്നു. പൌലൊസിനെ തങ്ങളുടെ വീട്ടിൽ ക്ഷണിച്ചു കൊണ്ടുപോയി ഉത്സാഹപ്പെടുത്തി. അപ്പൊല്ലോസിനെ ക്ഷണിച്ചു കൊണ്ടുപോയി അവനു വേദപുസ്തക സത്യങ്ങളെ പഠിപ്പിച്ചു. അവരുടെ വീട്ടിൽ സഭ കൂടിവന്നിരുന്നു. ഇപ്രകാരം ദൈവവേലയ്ക്കായി തങ്ങളെ പൂർണ്ണമായി ഏല്പിച്ചുകൊടുത്തിരുന്നു.

മക്കളില്ലാത്ത ദമ്പതികൾ തമ്മിൽ തമ്മിൽ കരുതലോടും തുണയായും ഇരിക്കണം. അങ്ങനെ അല്ലാതിരുന്നാൽ കുഞ്ഞില്ലാത്ത കുറവു അവർ അധികമായി ചിന്തിച്ചു പോകും. ഭർത്താവു

ഭാര്യയെ വിട്ടുപിരിഞ്ഞു ജീവിക്കയും തനിച്ചു പ്രവർത്തിക്കുകയും ചെയ്താൽ ഭാര്യയ്ക്കു അതു വലിയ ദുഃഖവും വെറുപ്പും ഉളവാക്കുന്നതായിരിക്കും. ഭാര്യ അപ്രകാരം പ്രവർത്തിക്കുകയാണെങ്കിൽ അതു ഭർത്താവിനും വലിയ വെറുപ്പുളവാക്കും. അതുകൊണ്ടു കുഞ്ഞുങ്ങളില്ലാത്ത ദമ്പതിമാർ തമ്മിൽ തമ്മിൽ ബഹുമാനത്തോടിരിക്കണം. തങ്ങളുടെ ജീവിതപങ്കാളിക്കു സത്യതുണയായിരിക്കണം, യോജിച്ചു പ്രവർത്തിക്കുകയും വേണം.

**ജാമക്കാരന്റെ കുറിപ്പ്** : ജാമക്കാരൻ വായനക്കാരിൽ പലരും തങ്ങൾക്കു കുഞ്ഞുങ്ങളില്ലെന്നും ഇനി കുഞ്ഞു ജനിക്കയില്ലെന്നും ഡോക്ടർമാർ പരിശോധിച്ചു പറഞ്ഞതിനാൽ പ്രാർത്ഥന ആവശ്യപ്പെട്ട് കത്തെഴുതാറുണ്ട്. അവർക്കു വേണ്ടിയാണു മുകളിൽ നിങ്ങൾ വായിച്ച കാര്യങ്ങൾ ഒരു പുസ്തകത്തിൽ നിന്നു ശേഖരിച്ചു എഴുതിയത്. ഈ വാർത്ത അങ്ങനെയുള്ളവർക്കു തീർച്ചയായും വ്യക്തതയും ആശ്വാസവും നൽകുമെന്നു വിശ്വസിക്കുന്നു.

എന്റെ ആലോചന എന്താണെന്നു വച്ചാൽ തങ്ങൾക്കു ജനിക്കുന്ന ഒരു കുഞ്ഞിനെ വളർത്തുന്നതു വലിയ കാര്യമല്ല. എന്നാൽ മാതാപിതാക്കൾ ഇല്ലാത്ത ഒരു അനാഥ കുഞ്ഞിനു പിതാവായും മാതാവായും ഇരുന്നു ആ കുഞ്ഞിനെ ദൈവത്തിനായി വളർത്തുമെങ്കിൽ അതിനെക്കാൾ നല്ല പ്രവൃത്തി വേറെ കാണുകയില്ല. ഈ ചെറിയവരിൽ ഒരാളിനു ചെയ്തതു എനിക്കു ചെയ്തു എന്നു യേശു പറഞ്ഞു നിങ്ങളെ അനുഗ്രഹിക്കും.

കുഞ്ഞില്ലാത്തതു ശാപമായോ, ശിക്ഷയായോ കരുതാതെ ദൈവഹിതത്തിനു പൂർണ്ണമായി സമർപ്പിച്ചു ഭാര്യഭർത്താക്കന്മാർ ആത്മാവിലും ശരീരസന്തോഷത്തിലും ഒരു കുറവുമില്ലാതെ ജീവിക്കുന്നതാണ് ദൈവത്തിനു ഹിതമായ കാര്യം. ഈ ആലോചന സ്വീകരിച്ചു എന്റെ വായനക്കാരിൽ പലരും അനാഥകുഞ്ഞുങ്ങളെ ദത്തെടുത്തു വളർത്തി പുതിയ കുടുംബസന്തോഷത്തോടെ ജീവിച്ചുകൊണ്ടിരിക്കുന്നു. അവരെ ഞാൻ വാഴ്ത്തുന്നു.

**മനസ്സോടെയല്ലല്ലോ അവൻ മനുഷ്യപുത്രന്മാരെ ദുഃഖിപ്പിച്ചു വ്യസനിപ്പിക്കുന്നതു (വിലാ 3:33).**

............ ദാവീദോ തന്റെ ദൈവമായ യഹോവയിൽ ധൈര്യപ്പെട്ടു (1 ശമു 30:6).

പ്രാർത്ഥനയ്ക്കു മറുപടി ലഭിക്കാതിരിക്കുമ്പോൾ ഒരു വിശ്വാസി പാടേണ്ട പാട്ട് :

അത്തിവൃക്ഷം തളിർക്കയില്ല;<br>
മുന്തിരിവള്ളിയിൽ അനുഭവം ഉണ്ടാകയില്ല;<br>
ഒലിവുമരത്തിന്റെ പ്രയത്നം നിഷ്ഫലമായിപ്പോകും;<br>
നിലങ്ങൾ ആഹാരം വിളയിക്കുകയില്ല;<br>
ആട്ടിൻകൂട്ടം തൊഴുത്തിൽ നിന്നു നശിച്ചുപോകും;<br>
ഗോശാലകളിൽ കന്നുകാലി ഉണ്ടായിരിക്കയില്ല.

**എങ്കിലും**

ഞാൻ യഹോവയിൽ ആനന്ദിക്കും<br>
എന്റെ രക്ഷയുടെ ദൈവത്തിൽ ഘോഷിച്ചുല്ലസിക്കും. (ഹബ 3:17,18).

ഉള്ള അവസ്ഥയിൽ അലംഭാവത്തോടിരിപ്പാൻ ഞാൻ പഠിച്ചിട്ടുണ്ട് (ഫിലി 4:11)

(എനിക്കു എന്തെങ്കിലും കുറവുകൊണ്ടല്ല ഞാനിതു പറയുന്നത്; കാരണം ഏതു സാഹചര്യത്തിലും സംതൃപ്തിയോടു കഴിയാൻ ഞാൻ പഠിച്ചിട്ടുണ്ട് - കത്തോലിക്കാ വേദപുസ്തകം).

# You Say - God Says -Bible Promises:

**You say: It's impossible**

**God says: All things are possible - Luke 18:27**

**You say: I am too tired**

**God says: I will give you rest - Mat 11:28-30.**

**You say: Nobody really loves me**

**God says: I love You - John 3:16**

**You say: I can't go on**

**God says: My grace is sufficient -2 Cor 12:9.,Psa 91:15**

**You say: I can't figure things out**

**God says: I will direct your steps- Pro 3:5-6.**

**You say: I can't do it**

**God says: You can do all things - Phil 4:13**

**You say: I'm not able**

**God says: I am able - 2 cor 9:8**

**You say: It's not worth it**

**God says: It willbe worth it - Romans 8:28**

**You say: I can't forgive myself**

**God says: I Forgive you- 1 John 1:9, Rom 8:1**

**You say: I can't manage**

**God says: I will supply all your needs- Phil 4:19**

**You say: I'am afraid**

**God says: I have not given you a spirit of fear - 2 Timo 1:7**

**You say: I'm always worried and frustrated**

**God says: Cast all your cares on ME- 1Peter 5:7**

**You say: I'm not smart enough**

**God says: I give you wisdom- 1 Cor 1:30**

**You say: I feel all alone**

**God says: I will never leave you forsake you - Heb 13:5.**

## ദൈവം ഏതു ഭാഷയിലാണ് മനുഷ്യനോട് സംസാരിക്കുന്നത്
## ദൈവം ഏതു ഭാഷയിലാണ് മനുഷ്യന്റെ പ്രാർത്ഥന കേൾക്കുന്നത്

* മനുഷ്യൻ ദൈവത്തോട് സംസാരിക്കുന്നത് പ്രാർത്ഥനയിലൂടെ മാത്രമാണ്. അത് ഏത് ഭാഷയിലായിരിക്കണം.

* ദൈവം നമ്മോട് ഏതു ഭാഷയിലാണോ സംസാരിക്കാൻ ഇഷ്ടപ്പെടുന്നോ അതേ ഭാഷയിൽ തന്നെ നാം ദൈവത്തോട് സംസാരിക്കണം. ഒരു കുഞ്ഞിനോട് മാതാവ് ഏതു ഭാഷയിൽ സംസാരിക്കാൻ ഇഷ്ടപ്പെടുന്നോ അതുപോലെ നമ്മുടെ സ്നേഹദൈവവും ഇഷ്ടപ്പെടുന്നു.

* (പൗലോസായ എന്നോട് ദൈവം സംസാരിച്ചപ്പോൾ) എന്റെ പഴയ പേരിൽ എന്നെ വിളിച്ചു : **ശൗലേ ശൗലേ നീ എന്നെ ഉപദ്രവിക്കുന്നത് എന്ത്? മുള്ളിന്റെ നേരേ തൊഴിക്കുന്നതു നിനക്കു വിഷമം ആകുന്നു എന്ന് *എബ്രായഭാഷയിൽ* എന്നോടു പറയുന്ന ഒരു ശബ്ദം ഞാൻ കേട്ടു. (അപ്പോ.പ്ര. 26:14)**

* നിങ്ങൾക്കും ദൈവത്തിനും പിശാചിനും മനസ്സിലാകാത്ത അന്യഭാഷ എന്ന പേരിൽ പ്രാർത്ഥനയിൽ സംസാരിക്കുന്നത് വ്യർത്ഥമല്ലേ? അതുകൊണ്ട് നിങ്ങളായിട്ട് അന്യഭാഷ സംസാരിക്കുവാൻ ശ്രമിക്കരുത്.

**OCTOBER 2015**

# Printed Book/Book Post

**Return Requested:**

**Dr.PUSHPARAJ**
**SALEM - 636 005**
**INDIA.**

Printed at P.M.Press,168,Arumuga Nagar, Salem-636 015
Edited & Published by **Dr.Pushparaj,** 89.Majeeth Street,
Old Suramangalam, Salem - 636 005. Tamil Nadu.INDIA.